കേരള സർക്കാർ

# മരട് നഗരസഭ
# 2015-16
# ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
website : www.lfa.kerala.gov.in
e-mail : doekm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത് കൈപ്പറ്റ് ചീട്ട് സഹിതം)

നം.കെ.എസ്.എ.ഇ.കെ.എം(എം1)164/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം
സിവിൽ സ്റ്റേഷൻ, കാക്കനാട്–682030
ഫോൺ : 0484 – 2422271
email : doekm.ksad@kerala.gov.in

ജോയിന്റ് ഡയറക്ടർ

തീയതി : 08.02.2017

ചെയർപേഴ്സൺ (സെക്രട്ടറി മുഖേന)
മരട് നഗരസഭ

സർ,

വിഷയം : മരട് നഗരസഭ – 2015-16 സാമ്പത്തികവർഷത്തെ ഓഡിറ്റ് റിപ്പോർട്ട് – സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ മുനിസിപ്പാലിറ്റി നിയമം 295(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മരട് നഗരസഭയുടെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു. ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികകളിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്. റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ മുനിസിപ്പാലിറ്റി (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ

ജോയിന്റ് ഡയറക്ടർ

പകർപ്പ്:
1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2. സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
3. ഡയറക്ടർ, നഗരകാര്യ വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
4. റീജിയണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യ വകുപ്പ്, എറണാകുളം
5. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.ഇ.കെ.എം(എം1)164/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം
സിവിൽ സ്റ്റേഷൻ, കാക്കനാട്–682030
ഫോൺ : 0484 – 2422271
email : doekm.ksad@kerala.gov.in

തീയതി :08.02.2017

## എറണാകുളം ജില്ലയിലെ മരട് നഗരസഭ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

*(1994 ലെ കേരളാ മുനിസിപ്പാലിറ്റി നിയമം- വകുപ്പ് 295(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

എറണാകുളം ജില്ലയിലെ മരട് നഗരസഭയുടെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റ് ചെയ്തു. 01.04.2015 മുതൽ 31.12.2016 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.
ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ നഗരസഭയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 25 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 19 മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ നഗരസഭ സ്വീകരിക്കേണ്ടതാണ്.
സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ധന്യ ബാലകൃഷ്ണൻ , ജോയിന്റ് ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 16.01.2017 മുതൽ 28.01.2017 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ഷാജി വി.എസ് , ഓഡിറ്റ് ഓഫീസർ |
| | ഗോപകുമാർ എം.എസ് ,<br>അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | പ്രസൂൺ പി.ജെ.,<br>സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | മേഴ്സി കെ.പി, ഓഡിറ്റർ |
| | ജോസ് ഫിജോയ് വി.ജെ, ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

31.10.2015 മുതൽ 17.11.2015 വരെ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയാണ് നഗരസഭ ഭരണനിർവ്വഹണം നടത്തിയിരുന്നത്

| | | |
|---|---|---|
| ചെയർമാൻ | ടി.കെ.ദേവരാജൻ | 01.04.15<br>മുതൽ 31.10.15 വരെ |
| ചെയർ പേഴ്സൺ | അജിത നന്ദകുമാർ | 18.11.15 മുതൽ 31.03.16വരെ |
| വൈസ് ചെയർ പേഴ്സൺ | അജിത നന്ദകുമാർ | 01.04.15 മുതൽ<br>31.10.15വരെ |
| വൈസ് ചെയർമാൻ | ടി.കെ. ദേവരാജൻ | 18.11.15 മുതൽ 31.03.16വരെ |
| വികസന കാര്യ സ്റ്റാൻഡിംഗ്<br>കമ്മിറ്റി ചെയർമാൻ | ആന്റണി ,<br>ആശാംപറമ്പിൽ | 01.04.15 മുതൽ<br>31.10.15വരെ |

| | | |
|---|---|---|
| വികസന കാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ | ദിഷ പ്രതാപൻ | 18.11.15 മുതൽ 31.03.16വരെ |
| ആരോഗ്യകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി | അഡ്വ.പി.എ അബ്ദുൾ മജീദ് | 01.04.15 മുതൽ 31.10.15വരെ |
| ആരോഗ്യകാര്യ സ്റ്റാൻഡിംഗ് ചെയർപേഴ്സൺ | ദിവ്യ.ബി അനിൽകുമാർ | 18.11.15 മുതൽ 31.03.16വരെ |
| വിദ്യാഭ്യാസം, സ്പോർട്സ് കമ്മിറ്റി ചെയർമാൻ | ജിൻസൺ പീറ്റർ | 01.04.15 മുതൽ31.10.15വരെ |
| വിദ്യാഭ്യാസം, സ്പോർട്സ് കമ്മിറ്റി ചെയർപേഴ്സൺ | ജമീല മുഹമ്മദ് | 18.11.15 മുതൽ31.03.16വരെ |
| മരാമത്ത് കമ്മിറ്റി ചെയർപേഴ്സൺ | ഗ്രേസി സൈമൺ | 01.04.15മുതൽ31.10.15വരെ |
| മരാമത്ത് കമ്മിറ്റി ചെയർമാൻ | ബോബൻ നെടുംപറമ്പിൽ | 18.11.15മുതൽ31.03.16വരെ |
| ക്ഷേമകാര്യ കമ്മിറ്റി ചെയർപേഴ്സൺ | ജയദേവി മനോഹരൻ | 01.04.15മുതൽ31.10.15വരെ |
| ക്ഷേമകാര്യ കമ്മിറ്റി ചെയർപേഴ്സൺ | അബ്ദുള്ള ജബ്ബാർ | 18.11.15മുതൽ31.03.16വരെ |

| | | |
|---|---|---|
| സെക്രട്ടറി | എൻ.കെ കൃഷ്ണകുമാർ | 01.04.15 മുതൽ 29.06.2015 വരെ |
| | ഡി.സജു | 30.06.2015 മുതൽ 03.09.15 വരെ |
| | ബി.അനിൽ കുമാർ | 04.09.15 മുതൽ 31.03.16 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| മുനിസിപ്പൽ എഞ്ചിനീയർ | നൗഫൽ അലി കെ.എ | 01.04.15മുതൽ31.03.16വരെ |
| മെമ്പർ സെക്രട്ടറി, ജെ.എച്ച്.ഐ (ഗ്രേഡ് II) | ഹുസൈൻ എച്ച് | 01.04.15മുതൽ31.03.16വരെ |
| മെഡിക്കൽ ഓഫീസർ (ആയുർ) | ഡോ.ഹീര സാബു | 01.04.15മുതൽ31.03.16വരെ |
| ചീഫ് മെഡിക്കൽ ഓഫീസർ ഹോമിയോ | ഡോ.ലീന മേരി കുര്യാക്കോസ് | 01.04.15മുതൽ31.03.16വരെ |
| സീനിയർ വെറ്റിനറി സർജ്ജൻ | ഡോ.നിഷ സെബാസ്റ്റ്യൻ | 01.04.15മുതൽ31.03.16വരെ |
| മെഡിക്കൽ ഓഫീസർ (നെട്ടൂർ) | ഡോ.ബി.എസ് ശ്രീകുമാരി | 01.04.15മുതൽ31.03.16വരെ |
| മെഡിക്കൽ ഓഫീസർ (വളന്തക്കാട്) | ഡോ.ജയ | 01.04.15മുതൽ05.06.15വരെ |
| | ഡോ.സിറിയക് പി.ജെ | 06.06.15മുതൽ02.11.15വരെ |
| | ഡോ.ലിഷ മാധവൻ | 03.11.15മുതൽ31.03.16വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ജിജിയാമ്മ എൻ.വി | 01.04.15മുതൽ31.03.16വരെ |

| | | |
|---|---|---|
| കൃഷി ഓഫീസർ | ചിത്ര കെ.പിള്ള | 01.04.15മുതൽ31.03.16വരെ |
| പട്ടിക ജാതി വികസന ഓഫീസർ | ജേക്കബ് പി.ജെ | 01.04.15മുതൽ31.03.16വരെ |
| ഹെഡ്മിസ്ട്രസ് , ഗവ.വി.എച്ച്.എസ്.ഇ , മാങ്കായിൽ | ഷീല പൗലോസ് | 01.04.15മുതൽ31.03.16വരെ |
| ഹെഡ്മിസ്ട്രസ് , ഗവ.എൽ.പി.എസ് , മാങ്കായിൽ | സതി എ.സി | 01.04.15മുതൽ31.03.16വരെ |

<u>ഉള്ളടക്കം</u>



| ക്രമ നം. | ഭാഗം - 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1 - 1 |
| 2 | വാർഷിക ധനകാര്യപത്രിക | 1 – 2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം | 1 - 3 |
| 4 | സാമ്പത്തിക വിശകലനം | 1 - 4 |
| 5 | ഫണ്ട് വിനിയോഗം | 1 - 5 |
| 6 | പദ്ധതി അവലോകനം | 1 - 6 |
| 7 | തനത് വരുമാനം | 1 - 7 |
| 8 | ക്ഷേമപദ്ധതികൾ | 1 - 8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1 - 9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1 - 10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1 - 11 |
| 12 | ഓഡിറ്റ് നിർദ്ദേശ പ്രകാരം തിരിച്ചടച്ച തുകയുടെ വിവരങ്ങൾ | 1 - 12 |
| | ഭാഗം - 2 | |
| 13 | അനധികൃത നിർമ്മാണം - പെർമിറ്റ് ഫീസ്, അധിക F.A.Rഫീസ്, ഈടാക്കിയില്ല | 2 - 1 |
| 14 | അനധികൃത കെട്ടിടത്തിന്റെ ഉടമയിൽ നിന്നും നികുതി ഈടാക്കിയിട്ടില്ല | 2 - 2 |
| 15 | പരസ്യം ചെയ്യുന്നതിനുള്ള അവകാശം ലേലം ചെയ്യൽ, 13,0000 രൂപ ഈടാക്കിയിട്ടില്ല | 2 - 3 |
| 16 | നഗരസഭയുടെ ഉടമസ്ഥതയിലുള്ള വാടകയ്ക്ക് നല്കുന്ന ഹാളുകളിൽ ഈടാക്കേണ്ട ലക്ഷ്വറി ടാക്സ് ഈടാക്കുന്നില്ല | 2 - 4 |
| 17 | സ്വകാര്യ വണ്ടിത്താവളങ്ങളുടെ ലൈസൻസ് ഈടാക്കുന്നില്ല | 2 - 5 |

| | | |
|---|---|---|
| | ഭാഗം - 3 | |
| 18 | സ്ഥലം വാങ്ങൽ - വാല്യവേഷൻ സർട്ടിഫിക്കറ്റിനേക്കാൾ അധിക വില നൽകി - നഗരസഭയുടെ നഷ്ടം 13,84,560/- രൂ. | 3 - 1 |
| 19 | കൺസൾട്ടൻസി ചാർജ്ജ് അധികം നൽകി - നഷ്ടം ₹.76,213/- | 3 - 2 |
| 20 | സെക്രട്ടറിക്ക് ക്വാർട്ടേഴ്സ് വാടക | 3 - 3 |
| 21 | ആദായനികുതി ഈടാക്കിയതിൽ കുറവ് | 3 - 4 |
| 22 | സ്പോർട്ട്സ് കിറ്റ് വിതരണം – പ്രോജക്ട് അംഗീകാരം ലഭ്യമാക്കിയിട്ടില്ല | 3 - 5 |
| 23 | പ്ലാസ്റ്റിക് സംഭരണ ഷെഡ്-ലക്ഷ്യം കൈവരിക്കാതെ നിഷ്ക്രിയ ആസ്തിയായിക്കിടക്കുന്നു | 3 - 6 |
| 24 | ക്രമീകരിക്കാത്ത മുൻകൂറുകൾ | 3 - 7 |
| 25 | ഇ.എം.എസ്.ഭവന വായ്പ- ബാങ്കിൽ ഒടുക്കിയ പലിശ സർക്കാരിൽ നിന്നും തിരികെ ലഭിച്ചിട്ടില്ല. | 3 - 8 |
| 26 | അങ്കണവാടികളിൽ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പ് വരുത്തുവാൻ നടപടി സ്വീകരിക്കണം | 3 - 9 |
| 27 | സ്വകാര്യസ്ഥാപനങ്ങളിൽ നിന്നോ, വ്യക്തികളിൽ നിന്നോ ഫണ്ട് സ്വീകരിച്ച് പ്രൊജക്ടുകളുടെ നിർവ്വഹണം -അപാകതകൾ | 3 - 10 |
| 28 | ഹെഡ്മാസ്റ്റർ നിർവ്വഹണം നടത്തിയ പ്രോജക്ടിലെ അപാകതകൾ | 3 - 11 |
| 29 | ചെലവുരേഖകൾ ഹാജരാക്കിയില്ല – തുക നിരാകരിക്കുന്നു | 3 - 12 |
| 30 | ആദായനികുതി സ്രോതസിൽ നിന്ന് ഈടാക്കിയിട്ടില്ല | 3 - 13 |
| 32 | പ്രോജക്ട് പ്രകാരമുള്ള മരുന്ന് പി.എച്ച്.സിയിൽ ലഭ്യമാക്കിയിട്ടില്ല | 3 – 14 |
| | ഭാഗം - 4 | |
| 33 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4 - 1 |
| 34 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4 - 2 |
| 35 | മൊബിലൈസേഷൻ അഡ്വാൻസ് | 4 - 3 |
| 36 | വായ്പ/ വായ്പ തിരിച്ചടവ് | 4 - 4 |
| 37 | സ്ഥിരനിക്ഷേപങ്ങൾ | 4 - 5 |
| 38 | ഓഡിറ്റ് റിക്കവറി | 4 - 6 |
| 39 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4 - 7 |
| 40 | ഓഡിറ്റ് പ്രത്യവലോകനം | 4 - 8 |

| | | |
|---|---|---|
| 41 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം.1 |
| 42 | ബാലൻസ് ഷീറ്റ് | അനുബന്ധം.2 |
| 43 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | അനുബന്ധം.3 |
| 44 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | അനുബന്ധം.4 |



# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ പുതുക്കിയ ബജറ്റ് 04.03.2016 തിയതിയിലെ ഒന്നാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എന്ട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 1192901600.00 | 1181500800.00 |
| ധനകാര്യപത്രിക പ്രകാരം | 143260902.00 | 176676794.00 |
| വ്യത്യാസം | 1049640698.00 | 1004824006.00 |

ബജറ്റ് പ്രകാരമുള്ള വരവുചെലവുകളും യഥാർത്ഥ വരവുചെലവുകളും തമ്മിൽ മേൽ സൂചിപ്പിച്ച പട്ടിക പ്രകാരം ഏകദേശം നൂറ് കോടി രൂപയുടെ വ്യത്യാസം ഉണ്ട്. ബജറ്റ് തയ്യാറാക്കുമ്പോൾ മുൻവർഷങ്ങളിലെ കണക്കുകളുമായി താരതമ്യം ചെയ്ത് തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2016 | 31.07.2016 (ഓൺലൈൻ ആയി സമർപ്പിച്ചു) | തിരിച്ചയച്ചിട്ടില്ല. | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം

വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിൻ പ്രകാരം താഴെപ്പറയുന്ന അപാകത കാണുന്നു. മരട് നഗരസഭ ഗ്രാമപഞ്ചായത്തായിരുന്ന കാലഘട്ടത്തിൽ ഇ.എം.എസ് ഭവന പദ്ധതി നടപ്പാക്കുവാൻ വേണ്ടി മരട് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കിൽ നിന്ന് 95,00,000 രൂപ വായ്പ എടുത്തിരുന്നു. ഈ വായ്പയുടെ തൻവർഷ തിരിച്ചടവ് , 31.03.16 ൽ തിരിച്ചടക്കാൻ ബാക്കി നിൽക്കുന്ന തുക എന്നിവ 2015-16 വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. ഈ അപാകത ഉള്ളതിനാൽ മരട് നഗരസഭയുടെ 2015-16 വാർഷിക കണക്കിന് വിശേഷണങ്ങളോട് കൂടിയ സർട്ടിഫിക്കറ്റ് മാത്രമാണ് അർഹതയുള്ളത്.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 53113582.22 |

| | |
|---|---|
| വരവ് | 143260902.00 |
| ആകെ | 196374484.22 |
| ചെലവ് | 176676794.00 |
| നീക്കിയിരിപ്പ് | 19697690.22 |

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻ വർഷ വരവ് | ആകെ വരവ് | ട്രാൻസ്ഫർ ക്രെഡിറ്റ് ചെലവ് | തൻ വർഷ ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|---|
| വികസന ഫണ്ട് പൊതു വിഭാഗം | 11367190 | 75000 + 19588134 (ട്രാൻസ്ഫർ ക്രെഡിറ്റ്) | 31030324 | - | 31030324 | 0 |
| വികസന ഫണ്ട് SCP | 8604413 | 14814448 | 23418861 | 7127038 | 16291823 | 0 |
| വികസന ഫണ്ട് TSP | 299540 | 504117 | 803657 | 249540 | 554117 | 0 |
| സംരക്ഷണ ഗ്രാന്റ് റോഡ് | 1660592 | 4871937 | 6532529 | - | 6532529 | 0 |
| സംരക്ഷണ ഗ്രാന്റ് നോൺ റോഡ് | 3318308 | 4098943 | 7417251 | - | 7417251 | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 49,99,760 | 20197067 | 25196827 | 12207647 | 12989180 | 0 |
| പെർഫോമൻസ് ഗ്രാന്റ് | 145086 | 0 | 145086 | 3909 | 141177 | 0 |
| എം.എൻ. ആർ.ഇ.ജി. എസ്. | 3106835 | 4735000 | 7841835 | - | 2717160 | 5124675 |
| ബി ഫണ്ട് | 0 | 19584200 | 19584200 | - | 19584200 | 0 |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 333 | 181738423 | 227 | 85963390 | 91 | 15 | 68% |

## 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 19.66% വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 36364913 | 45252159 | + 8887246 | 24.44% |
| നികുതിയേതര വരവുകൾ | 19429828 | 21564067 | +2134239 | 10.98% |
| മറ്റുവരവുകൾ | 610950 | 677854 | +66904 | 10.95% |
| ആകെ | 56405691 | 67494080 | 11088383 | - |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 13,9200 | 97 |
| കർഷകതൊഴിലാളി പെൻഷൻ | 1023000 | 164 |
| വിധവാപെൻഷൻ | 9032000 | 1281 |
| വാർദ്ധക്യകാലപെൻഷൻ | 6858000 | 2349 |
| വികലാംഗപെൻഷൻ | 1956800 | 2831 |
| വിധവകളുടെ മക്കളുടെ വിവാഹധനസഹായം | 120000 | 4 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതരായ വനിതകൾക്ക് നൽകുന്ന പെൻഷൻ | 455200 | 72 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18.01.2017 ന് അക്കൗണ്ടന്റിന്റെ സാന്നിദ്ധ്യത്തിൽ നടത്തി. പരിശോധനയിൽ 74,124/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോദ്ധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

നഗരസഭയുടെ 2015-16 വർഷത്തെ ഓഡിറ്റ് സംബന്ധമായ രേഖകൾ പരിശോധിച്ചതിൽ നിന്നും പ്രധാന തനതു വരുമാന സംബന്ധമായ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. കൂടാതെ സ്ഥാപന രജിസ്റ്റർ, ട്രേഡേഴ്സ് രജിസ്റ്റർ , ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവയും കാലികമായും എഴുതി സൂക്ഷിച്ചിട്ടില്ല. രജിസ്റ്ററുകൾ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തി സൂക്ഷിക്കാതിരിക്കുന്നത് ഭാവിയിൽ വരുമാന നഷ്ടത്തിന് കാരണമാകുന്ന എന്നതിനാൽ അത്യന്തം ഗൗരവമായി കാണേണ്ടതാണ്. നഗരസഭ തനതുഫണ്ട് വിനിയോഗിച്ച് നടപ്പാക്കുന്നതും, അനിവാര്യ ചുമതലകളിൽ ഉൾപ്പെടാത്തതുമായ പ്രവൃത്തികൾ സർക്കാർ നിർദ്ദേശങ്ങൾക്ക് വിധേയമായി പ്രോജക്ടുകൾ തയ്യാറാക്കി അംഗീകാരം വാങ്ങാതെ നഗരസഭ നേരിട്ട് നടപ്പാക്കുന്നതായി കാണുന്നു. ഇത് നിലവിലുള്ള ചട്ടങ്ങൾക്കും സർക്കാർ ഉത്തരവുകൾക്കും വിരുദ്ധമാണെന്നതിനാൽ ഈ നടപടി ഭാവിയിൽ ഒഴിവാക്കേണ്ടതാണ്.

കെട്ടിട നിർമ്മാണ ലൈസൻസ് നൽകിട്ടുള്ള വളരെയധികം കെട്ടിടങ്ങൾ അംഗീകൃത പ്ലാനിന് വിരുദ്ധമായി നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയിട്ടുള്ളതായി ഫയലിൽ കാണുന്നു. മേൽപ്പടി നടപടികൾ കേവലം നഗരസഭയുടെ വരുമാന സ്രോതസ്സിൽ കുറവ് വരുത്തുന്നു എന്നതിനേക്കാൾ ഉപരി വളരെയധികം പാരിസ്ഥിതിക പ്രശ്നങ്ങൾക്കും കാരണമാകുന്നതാണ്. ആയതിനാൽ ഇപ്രകാരം നിർമാണ ലൈസൻസ് നൽകുന്ന കെട്ടിടങ്ങളുടെ പ്രവർത്തന പുരോഗതി നഗരസഭ നേരിട്ട് വിലയിരുത്തേണ്ടതും, അനധികൃത നിർമ്മാണങ്ങളെ തുടക്കത്തിൽ തന്നെ തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

നഗരസഭയുടെ റവന്യൂ ,മരാമത്ത്, ആരോഗ്യം മുതലായ വിവിധ വകുപ്പുകളുടെ ധനപരമായ ക്രയവിക്രയങ്ങൾ ക്രോഡീകരിക്കപ്പെടാത്തത് നഗരസഭയുടെ ദൈനം ദിന പ്രവർത്തനത്തെ കാര്യമായി ബാധിക്കുന്നതായി കാണുന്നു. പ്രതിവർഷം 15 കോടി മുതൽ 20 കോടി വരെ സാമ്പത്തിക ഇടപാടുകൾ നടക്കുന്ന സാഹചര്യത്തിൽ ആഭ്യന്തര സാമ്പത്തിക നിയന്ത്രണ സംവിധാനത്തിന്റെ ഏകോപനം കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 08.02.2016 | 2013-14 II , 2014-15 II, 2015-16 I | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 26.10.2015 | 2013-14 | 22.12.2015 |

## 1-12 ഓഡിറ്റ് നിർദ്ദേശ പ്രകാരം തിരിച്ചടച്ച തുകയുടെ വിവരങ്ങൾ

ഓഡിറ്റ് അന്വേഷണം നല്കിയതിന്റെ അടിസ്ഥാനത്തിൽ നഗരസഭ തിരിച്ചടച്ച തുകയുടെ വിവരങ്ങൾ

| ഓഡിറ്റ് എൻക്വയറി നമ്പർ | വിഷയം | അടച്ച തുക / തീയതി / രസീത് നമ്പർ |
|---|---|---|
| 6 | ടാറിംഗ് ജോലിക്ക് അനുവദനീയമായതിലും അധിക നിരക്ക് അനുവദിച്ചത് | 1550/- 28.01.17 / 11602111105 |
| | | 689/- 28.01.17 / 11602111104 |
| | | 2923/- 28.01.17 / 11602111103 |
| 9 | കെട്ടിട നിർമ്മാണത്തിനായി ഭൂമി വികസന പെർമിറ്റ് ഫീസ് ഈടാക്കാത്തത് | 22,807/- 24.01.17 / 11602400263 |
| | ആകെ തുക | 27969 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 അനധികൃത നിർമ്മാണം - പെർമിറ്റ് ഫീസ്, അധിക

## F.A.Rഫീസ്, ഈടാക്കിയില്ല

മരട് മുൻസിപ്പാലിറ്റി വാർഡ് 16ൽ 'ലേക് ഷോർ ഹോസ്പിറ്റൽ ആൻഡ് റിസർച്ച് സെന്ററിന്റെ' II-ാം ബ്ലോക്ക് നിർമ്മിക്കുന്നതിനായി 7/12ൽ ലേക്ക്ഷോർ ഹോസ്പിറ്റൽ ആൻഡ് റിസർച്ച് എം.ഡി. ശ്രീ.ഫിലിപ്പ് അഗസ്റ്റിൻ അപേക്ഷിക്കുകയും, ആയതിനു നഗരസഭ BA/214/12-13 തീ.19/11/2013 പ്രകാരം 4515.04ച. മീറ്ററിനു അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. ടി പെർമിറ്റിന്റെ ഫയൽ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ 20-1-17ൽ നല്കിയ ഓഡിറ്റ് എൻക്വയറിക്ക് 27-1-17ൽ നല്കിയ മറുപടി കൂടി പരിഗണിച്ച് ടി ഹോസ്പിറ്റൽ ബ്ലോക്കിന്റെ നിർമ്മാണത്തിൽ താഴെ പറയും പ്രകാരം അപാകതകൾ കാണുന്നു.

1. BA/214/12-13നം. പെർമിറ്റ് പ്രകാരം 4515.04 ച.മീ.നാണ് അനുമതി നൽകിയത്. എന്നാൽ ഇതോടൊപ്പം അംഗീകരിച്ച് നൽകിയ പ്ലാനിൽ 18787.40 ച.മീറ്റർ എന്നാണ് കാണുന്നത് . ഇക്കാരണത്താൽ, ഫലത്തിൽ നഗരസഭ 18787.40 ച.മീറ്ററിനാണ് അനുമതി നൽകിയതിനു തുല്യമായി. നിലവിൽ പെർമിറ്റ് ഉടമ കെട്ടിടം പണി പൂർത്തിയാക്കി ഒക്യുപ്പൻസിക്കായി അപേക്ഷ സമർപ്പിച്ചിരിക്കുന്നത് 24208.95 ച.മീ. നാണ്.

2. 1999ലെ കേരളാ മുൻസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 54 പ്രകാരം ഹോസ്പിറ്റൽ ബിൽഡിങ്ങുകൾ (ഗ്രൂപ്പ്സി ഒക്യുപ്പൻസി) 2000ച.മീ. അധികരിച്ചാൽ ചീഫ് ടൗൺ പ്ലാനറുടെ അംഗീകാരം വാങ്ങേണ്ടതാണ്. ആയതു ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല.

3. മേൽ ചട്ടങ്ങളിലെ വകുപ്പ് 54.4(a) പ്രകാരം ഹോസ്പിറ്റൽ (ഗ്രൂപ്പ്സി ഒക്യുപ്പൻസി) കെട്ടിടം, മൂന്നു നിലകളിൽ അധികരിച്ചാൽ, ഫയർഫോഴ്സ് ഡയറക്ടറുടെ അനുമതി, പെർമിറ്റ് അനുവദിക്കുന്നതിനു മുൻപായി വാങ്ങേണ്ടതാണ്. മേൽ അനുമതി വാങ്ങിയതായി കാണുന്നില്ല.

4. ടി വകുപ്പ് 54 (4) പ്രകാരം കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി (ബയോമെഡിക്കൽ വെയിസ്റ്റ് നിർമ്മാർജ്ജനം) വാങ്ങിയിരിക്കുന്നത് 16480 ച. മീ. നാണ്. (അനുമതി നം. P.C.B./HO/EKM/ICE/ 15/2013) മേൽ അനുമതി പത്രത്തിലെ 5.7 വ്യവസ്ഥ പ്രകാരം പ്ലാനിൽ മാറ്റം വരുത്തുന്നതിന് മുൻകൂർ അനുമതി വാങ്ങണം. എന്നാൽ ഇവിടെ 16480 ച.മീ. പകരം 24208.95 ച.മീ. പൂർത്തിയാക്കി. എന്നാൽ മലിനീകരണ നിയന്ത്രണ ബോർഡിന്റെ മുൻകൂർ അനുമതി വാങ്ങിയതായി കാണുന്നില്ല.

5. കേന്ദ്ര സർക്കാരിന്റെ 14/9/2006ലെ വിജ്ഞാപന പ്രകാരം (EIA 2006) 20000ച.മീറ്ററിൽ കൂടുതൽ വിസ്തീർണ്ണമുള്ള കെട്ടിടം നിർമ്മിക്കുന്നതിനു മുൻപായി പരിസ്ഥിതി അനുമതി വാങ്ങേണ്ടതാണ്. എന്നാൽ 24208.95 ച.മീറ്ററിനാണ് പണി പൂർത്തിയാക്കിയത് ഇതിന് മുൻകൂർ പരിസ്ഥിതി അനുമതി വാങ്ങിയതായി കാണുന്നില്ല.

6. C.R.Z. ക്ളിയറൻസ് സർട്ടിഫിക്കറ്റ് വാങ്ങിയട്ടില്ല.

7. ക്രമനം.1ൽ പറഞ്ഞതിൻ പ്രകാരം പെർമിറ്റിൽ 4515.04 ച.മീ. നും പ്ലാനിൽ 18787.408 ച. മീറ്ററിനുമാണ് അനുമതി നൽകിയത്. എന്നാൽ പണി പൂർത്തിയാക്കിയത് 24209 ച.മീ. നാണ്. ഇതിനാൽ താഴെ പറയും പ്രകാരം പെർമിറ്റ് ഫീസ്, അധിക F.A.R. നുള്ള കോമ്പൗണ്ടിംഗ് ഫീസ് എന്നീ ഇനങ്ങളിൽ കുറവുണ്ടായി. വിശദവിവരം ചുവടെ ചേർക്കുന്നു.

എ. പെർമിറ്റ്ഫീസ്

| | |
|---|---|
| അംഗീകരിച്ച പ്ലാൻ പ്രകാരം കെട്ടിടത്തിന്റെവിസ്തീർണ്ണം | 18787.40 ചതുരശ്ര മീറ്റർ |
| ഈടാക്കേണ്ട പെർമിറ്റ് ഫീസ് വകുപ്പ്11(3) ഷെഡ്യൂൾ 2 പ്രകാരം | 18787.40x10= 187874/- |
| വാങ്ങിയത് | 45150/- (01/11302108849 /15.10.2013) |
| വാങ്ങിയതിൽ കുറവ് | 1,42,724/- |

ബി. അധിക F.A.Rനുള്ള കോമ്പൗണ്ടിംഗ് ഫീസ്

ടി കെട്ടിടത്തിന്റെ സ്ഥല വിസ്തീർണ്ണം-309.320 സെന്റ്.(12518 ച. മീറ്റർ). ടി സ്ഥലത്തു നിലവിലുള്ള ബ്ലോക്ക് 1 കെട്ടിടത്തിന്റെ (F.A.R.) വിസ്തീർണ്ണം -20520.68 ച.മീ. (അംഗീകരിച്ച പ്ലാൻ പ്രകാരം)

അംഗീകരിച്ച പ്ലാൻ പ്രകാരം ബ്ലോക്ക് 2ന്റെ തറ വിസ്തീർണ്ണം താഴെ പറയുന്നു.

| നില | നിർമ്മിത | കാർപ്പെറ്റ് | തറ |
|---|---|---|---|

| | വിസ്തീർണ്ണം | വിസ്തീർണ്ണം | വിസ്തീർണ്ണം |
|---|---|---|---|
| ബേസ് മെന്റ് 2 | 3194.80 | 320.24 | 400.30 |
| ബേസ് മെന്റ്-1 | 3194.80 | 244.32 | 305.40 |
| ഗ്രൌണ്ട് ഫ്ളോർ | 1674 | 1277.04 | 1596.30 |
| ഒന്നാം നില | 1674 | 1277.04 | 1596.30 |
| സർവീസ് ഫ്ലോർ | 1674 | - | - |
| രണ്ടാംനില | 1674 | 1277.04 | 1596.30 |
| മൂന്നാം നില | 1674 | 1277.04 | 1596.30 |
| നാലാം നില | 1674 | 1277.04 | 1596.30 |
| അഞ്ചാം നില | 1674 | 1277.04 | 1596.30 |
| ആറാം നില | 679.80 | 393.44 | 491.80 |
| ആകെ | 18787.40 | | 10775.30 |

1999ലെ കേരളാ മുൻസിപ്പാലിറ്റി ബിൽഡിംഗ് റൂൾ വകുപ്പ് (8) പ്രകാരം സർവീസ് ഫ്ലോറിന് ഒഴിവ് നൽകിയിട്ടില്ലാത്തതിനാൽ ഇതിന്റെ വിസ്തീർണ്ണവും ഉൾപ്പെടുത്തേണ്ടതാണ്. ആയതു പ്രകാരം F.A.R.ന പരിഗണിക്കാവുന്ന ആകെ തറ വിസ്തീർണ്ണം - 10775.30+1674=12449.30 ച.മീ. ആണ്.

മേൽ പ്രകാരം ആകെ F.A.R.ന കണക്കാക്കാവുന്ന തറ വിസ്തീർണ്ണം -20520.68+12449.30=32969.98
(ബ്ലോക്ക് 1+ബ്ലോക്ക്2)
ഹോസ്പിറ്റൽ കെട്ടിടങ്ങൾക്ക്അനുവദനീയമായ F.A.R = 2
അധിക ഫീസ് ഇല്ലാതെ അനുവദനീയമായ തറ വിസ്തീർണ്ണം - 12518 (സ്ഥല വിസ്തീർണ്ണം) x 2 = 25306 ച.മീ.
അധികരിച്ച തറ വിസ്തീർണ്ണം = 32969.98 – 25306.36 = 7663.98 ച.മീ.
അധിക F.A.R.ന വാങ്ങേണ്ടിയിരുന്ന തുക – 7663.98 x 3000 = 2,29,91,940/-
ഈ ഇനത്തിൽ കുറവ് – 2,29,91,940/-
( S.R.O.No.80/2013പ്രകാരം അധിക F.A.R.ന് 3000/- ച.മീ.)
ഈ ഇനത്തിൽ കുറവ് – 2,29,91,940/-

8. നിലവിൽ പണി പൂർത്തിയാക്കിയ ബ്ളോക്ക് 2 ന്റെ നിർമ്മിത വിസ്തീർണ്ണം 24208.95ച.മീ ആണ്. അതായത് അനുമതി നൽകിയ 18,787.40 ച.മീ. നേക്കാൾ 5421.55 ച.മീ. അധിക നിർമ്മാണം നടത്തിയതായി കാണുന്നു.ആയതു ചിഫ് ടൌൺ പ്ലാനറുടെ ഉത്തരവിനും സർക്കാർ നടപടിക്രമങ്ങൾക്കും വിധേയമായി റഗുലറൈസ് ചെയ്യുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

9. നിലവിൽ ടി കെട്ടിടത്തിൽ 4 നിലകളിൽ പ്രവർത്തനം ആരംഭിച്ചതായി കാണുന്നു. ആയതിനു ഒക്യുപ്പൻസി സർട്ടിഫിക്കറ്റ്, കെട്ടിട നം. എന്നിവ നല്കിയിട്ടില്ല എന്നു നഗരസഭ മറുപടി നൽകിയിട്ടുണ്ട്. അതായതു നഗരസഭാ അനുമതി ഇല്ലാതെ ടി ഹോസ്പിറ്റൽ കെട്ടിടം അനധികൃതമായി പ്രവർത്തിക്കുന്നു.

10.ഇത്ര വലിയ രീതിയിൽ അനധികൃത നിർമ്മാണം നടന്നിട്ടും നഗരസഭ കേരളാ മുൻസിപ്പാലിറ്റി നിയമം വകുപ്പ് 395 പ്രകാരം യാതൊരു നടപടിയും സ്വീകരിക്കാതെ 22/8/16ൽ മുനിസിപ്പൽ എൻജിനീയർ സ്റ്റോപ്പ് മെമ്മോ കൊടുക്കുക മാത്രമാണ് ചെയ്തത്. എന്നിട്ടും നിർമ്മാണം നിർബാധം തുടരുകയും, ഇപ്പോഴും ഫിനിഷിംഗ് ജോലികൾ തുടരുന്നു എന്നതും ഗൗരവമായി കാണേണ്ടതാണ്. ഇക്കാര്യത്തിൽ ഭരണവകുപ്പിന്റെ കർശന ഇടപെടലുകൾ അനിവാര്യമാണെന്നു ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

## 2-2 അനധികൃത കെട്ടിടത്തിന്റെ ഉടമയിൽ നിന്നും നികുതി ഈടാക്കിയിട്ടില്ല

നഗരസഭയിൽ വാർഡ് XV ൽ ഗ്രിഗോറിയൻ പബ്ലിക് സ്കൂളിന് വാർഷിക വാടകയുടെ അടിസ്ഥാനത്തിൽ 2009-10 രണ്ടാം അർദ്ധവർഷം മുതൽ അനധികൃത കെട്ടിടമായി കണക്കാക്കി (u/a നം) നികുതി നിർണ്ണയിച്ച് നൽകി. ആയത് താഴെ പറയും പ്രകാരമാണ്.

| കെട്ടിട നം. | പ്ലിന്ത് ഏരിയ | നിർണ്ണയിച്ച വാർഷിക വാടക | നിർണ്ണയിച്ച നികുതി |
|---|---|---|---|
| U/A Block A 80A1 | 1060.98 M2 | 127000 | 30480 + 508 L.C. |
| 1 80 A 2 | 1060.98 | 127000 | 30480 + 508 L.C |
| Block B | | | |
| 80 B. U/A. | 856.182 M2 | 102700 | 25134 + 419 L.C. |
| U/A 80B1 | 856.182M2 | 102700 | 24648 + 411 L.C |
| U/A 80 B2 | 856.182M2 | 102700 | 24648 + 411 L.C. |
| Block 80c XV U/A | 682.10 | 81840 | 20121+ 335 L.C. |
| XV 80 C1 U/A | 682.10 | 81840 | 19641 + 327 L.C. |
| XV 80 C2 U/A | 682.10 | 81840 | 19641 + 327 L.C. |
| | ആകെ | | 194793 + 3246 LC |

മേൽ കെട്ടിടങ്ങൾക്ക്, മുൻവർഷങ്ങളിൽ നികുതി അടവാക്കിയിതിന്റെ വിശദാംശങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 16 ന് മറുപടിയായി ടി. കെട്ടിടങ്ങൾ റെഗുലറൈസ് ചെയ്ത് കെട്ടിട നമ്പർ നൽകിയിട്ടില്ലാത്തതും U/A നമ്പർ പ്രകാരം നിർണ്ണയിച്ച മേൽപ്പറഞ്ഞ നികുതി നാളിതുവരെ ഒടുക്കിയിട്ടില്ലായെന്നും അറിയിച്ചിട്ടുണ്ട്. 2009-10 രണ്ടാം അർദ്ധ വർഷം മുതൽ 2015-16 രണ്ടാം അർദ്ധവർഷം വരെ 12,87,254/-രൂപ (1266155+21099 LC) വസ്തുനികുതിയിനത്തിൽ കുറവുണ്ടായിട്ടുണ്ട്. ആയത് ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-3 പരസ്യം ചെയ്യുന്നതിനുള്ള അവകാശം ലേലം ചെയ്യൽ, 1,30,000 രൂപ ഈടാക്കിയിട്ടില്ല

നഗരസഭയുടെ പരിധിയിലുള്ള തേവര-കുണ്ടന്നൂർ പാലത്തിലെ ലാമ്പ് പോസ്റ്റുകളിൽ ബോർഡ് സ്ഥാപിച്ച് പരസ്യം ചെയ്യുന്നതിനുള്ള അവകാശം, ശ്രീ.പി.വി ജയകുമാർ, പാർട്ട്ണർ, പ്രിയ അഡ്വർട്ടൈസിംഗ് & മാർക്കറ്റിംഗ് , ശ്രീലക്ഷ്മി ബിൽഡിംഗ്, എസ്.എ റോഡ്, കൊച്ചിൻ 36 - എന്നയാൾക്ക് 2015 ജൂലൈ മാസം 15-ാം തീയതിയിൽ നഗരസഭ സെക്രട്ടറി കരാർ പ്രകാരം നൽകിയിട്ടുണ്ട്. 01.07.2015 മുതൽ 30.07.16 വരെ കാലവധിയുള്ള ഈ കരാർ പ്രകാരം പരസ്യം ചെയ്യുന്നതിനുള്ള അവകാശത്തിന്റെ വാടകയായി 2,10,000/- രൂപയാണ് നിശ്ചയിച്ചിരിക്കുന്നത്. കരാർ പ്രകാരം, ടി തുകയുടെ മൂന്നിലൊന്ന് തുകയായ 70000/- രൂപ കരാർ ചെയ്യുന്ന ദിവസവും, ബാക്കി തുക 3 മാസത്തിനുള്ളിൽ തുല്യഗഡുക്കളായും അടച്ച് തീർക്കേണ്ടതുമാണ് . തുക അടക്കുന്നതിന് താമസമുണ്ടായാൽ 1% പിഴപ്പലിശ ഈടാക്കുന്നതിനും

കരാറിൽ വ്യവസ്ഥയുണ്ട്.

കരാർ ലഭിച്ച സ്ഥാപനം ആദ്യ ഗഡു 70,000/- രൂപ 04.08.15 ൽ 11502500080 നമ്പർ രസീത് പ്രകാരം അടച്ചിട്ടുണ്ട്. എന്നാൽ തുടർന്നുള്ള ഗഡുക്കളും, പിഴപ്പലിശയും ലേലക്കാരൻ നഗരസഭയിൽ ഇതുവരെ അടച്ചിട്ടില്ല. കരാർ വ്യവസ്ഥയിലെ ക്രമ നമ്പർ 6 പ്രകാരം കുത്തക കാലാവധിക്കുള്ളിൽ കരാറുകാരന്റെ ഭാഗത്തുനിന്നും ഉണ്ടാകുന്ന വീഴ്ചമൂലം കരാർ റദ്ദ് ചെയ്യുന്നപക്ഷം പുതിയ ടെണ്ടർ വിളിച്ച് കുത്തകയ്ക്ക് ഏല്പിച്ചു കൊടുക്കുന്നതു വരെ നഗരസഭയ്ക്കുണ്ടാകുന്ന സാമ്പത്തിക ബാധ്യത കരാറുകാരൻ വഹിക്കേണ്ടതാണ്. പുതിയ കരാർ കെ.രാമചന്ദ്രൻ, പാർട്ട്ണർ- ഭാമ വെഞ്ച്വേഴ്സ് എന്നയാൾക്ക് നൽകിയിരിക്കുന്നത് 01.07.2016 മുതൽ 30.06.2017വരെയാണ്. റദ്ദ് ചെയ്ത ശ്രീ.പി.വി ജയകുമാർ, പാർട്ട്ണർ, പ്രിയ അഡ്വർട്ടൈസിംഗ് & മാർക്കറ്റിംഗ് എന്ന സ്ഥാപനവുമായി 01.07.2015 മുതൽ 30.07.16 വരെ പ്രാബല്യമുണ്ടായിരുന്ന കരാറനുസരിച്ച് നഗരസഭയ്ക്ക് ലഭിക്കേണ്ടിയിരുന്ന 2,10,000/- രൂപയിൽ 70,000/- രൂപ മാത്രമാണ് ലഭിച്ചിട്ടുള്ളത്. ഇയാൾ നഗരസഭയിൽ അടച്ചിരുന്ന സെക്യൂരിറ്റി തുക 10000/- രൂപ നഗരസഭയുടെ തനത് ഫണ്ടിലേക്ക് മുതൽ കൂട്ടിയിട്ടുണ്ടെങ്കിലും ബാക്കിയുള്ള തുക 1,30,000/- രൂപയും, കരാർ പ്രകാരം ഈടാക്കാവുന്ന പിഴപ്പലിശയും നാളിതുവരെ ഈടാക്കിയിട്ടില്ല. നഗരസഭയ്ക്ക് ഉണ്ടായ നഷ്ടം സെക്രട്ടറിയിൽ നിന്ന് ഈടാക്കുകയോ , ലേലക്കാരനിൽ നിന്ന് ഈടാക്കുന്നതിന് നിയമനടപടി സ്വീകരിക്കുകയോ ചെയ്യേണ്ടതാണ്.

## 2- 4 <u>നഗരസഭയുടെ ഉടമസ്ഥതയിലുള്ള വാടകയ്ക്ക് നല്കുന്ന ഹാളുകളിൽ ഈടാക്കേണ്ട ലക്ഷ്വറി ടാക്സ് ഈടാക്കുന്നില്ല</u>

Kerala Taxes on Luxuary (Acts 32 of 1976) ലെ വകുപ്പ് (എച്ച്) പ്രകാരം കല്യാണ മണ്ഡപം, ഹാൾ, ഓഡിറ്റോറിയം തുടങ്ങിയവ പ്രവർത്തനമാരംഭിച്ച് 7 ദിവസത്തിനകം രജിസ്റ്റർ ചെയ്യേണ്ടതും 3000/- രൂപ മുതൽ 10000/- രൂപ വരെ വാടക ഈടാക്കുന്നവയ്ക്ക് 10 %, 10000/- രൂപ മുതൽ 20,000/- രൂപ വരെ 15% എന്ന നിരക്കിൽ ലക്ഷ്വറി ടാക്സ് ഈടാക്കി സർക്കാരിൽ അടവാക്കേണ്ടതാണെന്നും വ്യവസ്ഥ ചെയ്യുന്നുണ്ട്. മരട് മുനിസിപ്പാലിറ്റിയുടെ 2015-16 വർഷത്തെ വാർഷിക കണക്കു പ്രകാരം Rent from Town Hall എന്ന ഇനത്തിൽ 689225/- രൂപ വരവ് രേഖപ്പെടുത്തിയിരിക്കുന്നു(Schedule- RP-3). ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 1) ഉള്ള മറുപടിയിൽ നഗരസഭയിൽ 3 ഹാളുകൾ വാടകയ്ക്ക് നൽകുന്നതായും നാളിതുവരെ ലക്ഷ്വറി ടാക്സ് സംബന്ധിച്ച യാതൊരു ഉത്തരവും നഗരസഭയിൽ ലഭിച്ചിട്ടില്ലാത്തതിനാലും മുൻകാലങ്ങളിൽ ഇതുസംബന്ധിച്ച് ഓഡിറ്റ് പരാമർശങ്ങളൊന്നും ഉണ്ടായിട്ടില്ലാത്തതിനാലും ഹാൾ ബുക്ക് ചെയ്യുന്നവരിൽ നിന്ന് ലക്ഷ്വറിടാക്സ് ഈടാക്കുകയോ ആയത് സർക്കാരിലേക്ക് അയയ്ക്കുകയോ ചെയ്തിട്ടില്ലാത്തതായും പറയുന്നു. ആയതിനാൽ നിയമാനുസൃതമായ നികുതി ഈടാക്കാതിരുന്നാൽ ഉണ്ടാകാവുന്ന നികുതി ബാദ്ധ്യത കണക്കിലെടുത്ത് ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-5 <u>സ്വകാര്യ വണ്ടിത്താവളങ്ങളുടെ ലൈസൻസ് ഈടാക്കുന്നില്ല</u>

കേരള മുനിസിപ്പാലിറ്റി ആക്ട് 1994ലെ വകുപ്പ് 475 പ്രകാരം നഗരസഭ പരിധിയിൽ സ്വകാര്യ വണ്ടിത്താവളങ്ങൾ പ്രവർത്തിക്കുന്നതിന് നഗരസഭയിൽ നിന്നുള്ള ലൈസൻസ് ആവശ്യമാണ്. നഗരസഭ പരിധിയിലുള്ള അബാദ് ന്യൂക്ലിയസ് മാളിൽ സന്ദർശകരുടെ വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിനായി ഫീസ് ഈടാക്കുന്നതായി നേരിട്ടുള്ള പരിശോധനയിൽ അറിയാൻ കഴിഞ്ഞിട്ടുണ്ട്. ഈ സ്ഥാപനത്തിൽ നിന്നും മേൽചട്ട പ്രകാരമുള്ള ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല. മേൽചട്ട പ്രകാരം ഈ സ്ഥാപനത്തിൽ നിന്നും പരമാവധി 3000/- രൂപ വരെ വാർഷിക ലൈസൻസ് ഫീസ് ഈടാക്കാവുന്നതാണ്. കൂടാതെ നഗരസഭാ പരിധിയിൽ ലൈസൻസ് ഇല്ലാതെ സ്വകാര്യ വണ്ടിത്താവളങ്ങൾ പ്രവർത്തിക്കുന്നില്ലായെന്ന് സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 സ്ഥലം വാങ്ങൽ വാല്യുവേഷൻ സർട്ടിഫിക്കറ്റിനേക്കാൾ അധിക വില നൽകി നഗരസഭയുടെ നഷ്ടം - 13,84,560/- രൂ.

2015-16 വർഷം 66/16 -ാം നമ്പരായി നടപ്പാക്കിയ 'പട്ടികജാതി വിഭാഗത്തിനു സ്ഥലം വാങ്ങൽ' എന്ന പ്രോജക്ടിന്റെ നടത്തിപ്പിനായി വികസനഫണ്ടിൽ (എസ്.സി.പി.) നിന്നും ബിൽ നം. 35/15-16/31.03.2016 പ്രകാരം 87,87,939/- രൂപ പിൻവലിച്ചു ഷീലമ്മ, തുണ്ടത്തിൽ, മരട്, ഷീനു ആന്റണി, തുണ്ടത്തിൽ, മരട്, മിനി ആന്റണി, കുഴിപ്പള്ളിൽ, പച്ചാളം എന്നിവരുടെ കൂട്ടായ ഉടമസ്ഥതയിലുള്ള 7.74 ആർ വസ്തു (19.12 സെന്റ്) വാങ്ങിയിട്ടുണ്ട്. ടി പ്രോജക്ടിന്റെ നടത്തിപ്പിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. ബഹു. എറണാകുളം ജില്ലാ കളക്ടർ മുഖാന്തിരം കണയന്നൂർ തഹസീൽദാർ നൽകിയ Valuation Certificate പ്രകാരം ടി 07.74 ആർസ് വസ്തുവിനു നിശ്ചയിച്ച വില 68,45,898/- രൂപയാണ്. എന്നാൽ മരട് നഗരസഭ കൗൺസിലിന്റെ 23.03.2016 ലെ 1-ാം നമ്പർ തീരുമാനപ്രകാരം 22.01.1999 ലെ GO(P)18/98/LAD നമ്പർ ഉത്തരവിനു വിധേയമായി ടി വസ്തുവിനു 81,28,125/- രൂപ വില നൽകി വാങ്ങുവാൻ തീരുമാനിച്ചു. മേൽ നമ്പർ ഉത്തരവിലെ ഖണ്ഡിക 4(V) പ്രകാരം ജില്ലാ കളക്ടറുടെ Valuation Certificate നേക്കാൾ 30% വരെ Solatium അനുവദിക്കാമെന്നു വ്യവസ്ഥ ചെയ്യുന്നുണ്ടെങ്കിലും ആയതു 15,00,000/- രൂപയിൽ താഴെയുള്ള വാങ്ങലുകൾക്കായി നിജപ്പെടുത്തിയിട്ടുണ്ട്. ടി ഉത്തരവിലെ ഖണ്ഡിക 5 പ്രകാരം 15,00,000/- രൂപയ്ക്കു മുകളിലുള്ള വാങ്ങലുകൾ നിലവിലെ ആക്ടിനു വിധേയമായി മാത്രമേ നടത്താവൂ എന്നു നിർദ്ദേശിച്ചിട്ടുണ്ട്. അതായത് അധികം തുക നൽകേണ്ട പക്ഷം Right to Fair Compensation and Transperency in Land Aquisition, Rehabilitation and Resettlement Act 2013 പ്രകാരം Negotiation നടത്തുന്നതിനായി ജില്ലാ കളക്ടറെ ചുമതലപ്പെടുത്തേണ്ടതായിരുന്നു.

എന്നാൽ മേൽ ആക്ടിനും സർക്കാർ ഉത്തരവിനും വിരുദ്ധമായി അധികതുക നൽകി ടി ഭൂമി വാങ്ങുവാൻ തീരുമാനിക്കുകയും ആയതിലേയ്ക്കായി ഭൂമി വിലയിനത്തിൽ 81,28,125/- രൂപയും വസ്തുവിന്റെ രജിസ്ട്രേഷൻ ചെലവിനായി 6,59,814/- രൂപയുമുൾപ്പെടെ ആകെ 87,87,939/- രൂപ വികസനഫണ്ടിൽ (എസ്.സി.പി.) നിന്നും പിൻവലിച്ചു ചെലവഴിച്ചിട്ടുണ്ട്. ടി തീരുമാനപ്രകാരം അധിക വില നൽകി വസ്തു വാങ്ങിയതു മൂലം വികസനഫണ്ടിനുണ്ടായ നഷ്ടം ചുവടെ ചേർക്കുന്നു.

Valuation Certificate പ്രകാരം ചെലവഴിക്കാവുന്ന പരമാവധി തുക

Valuation Certificate പ്രകാരമുള്ള വസ്തു വില - 68,45,898/- രൂപ

മുദ്രപ്പത്ര വില (6% നിരക്കിൽ) - 4,10,754/- രൂപ

രജിസ്ട്രേഷൻ ചാർജ്ജ് (2%) - 1,36,918/- രൂപ

ആകെ - 73,93,570/- രൂപ

ബിൽ പ്രകാരം പിൻവലിച്ച തുക - 87,87,939/- രൂപ

അധികം പിൻവലിച്ച തുക - 13,94,369/- രൂപ

2. വസ്തുവിന്റെ രജിസ്ട്രേഷൻ ചെലവിനായി 6,59,814/- രൂപ പിൻവലിച്ചത് തനതു ഫണ്ട് അക്കൗണ്ടിൽ നിക്ഷേപിക്കുകയും, ടിയാവശ്യത്തിനായി 150/3-2016 -ാം നമ്പർ വൗച്ചർ പ്രകാരം 6,50,005/- രൂപ (ചെക്ക് നം. 654363/30.03.2016) പിൻവലിച്ചു ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. തന്മൂലം വികസന ഫണ്ടിനത്തിലുള്ള 9809/- രൂപ തനതു ഫണ്ട് അക്കൗണ്ടിൽ നിലനിൽക്കുന്നുണ്ട്. ടി തുക വികസനഫണ്ട് (എസ്.സി.പി.) വിഭാഗത്തിലേയ്ക്കു തിരിച്ചടയ്ക്കേണ്ടതാണ്.

ഭൂമി വാങ്ങൽ സംബന്ധമായ ആക്ടിനും സർക്കാർ ഉത്തരവിനും വിരുദ്ധമായി അധികതുക നല്കി വസ്തു വാങ്ങിയതു മൂലം വികസനഫണ്ടിനുണ്ടായ നഷ്ടം 13,94,369/- രൂപയിൽ തനതു ഫണ്ട് അക്കൗണ്ടിൽ നിലനിൽക്കുന്ന 9809/- രൂപ കിഴിച്ച് ബാക്കി 13,84,560/- രൂപ ടി തീരുമാനമെടുത്ത കൌൺസിൽ യോഗത്തിൽ പങ്കെടുക്കുകയും തീരുമാനത്തോട് വിയോജിപ്പ് പ്രകടിപ്പിക്കാതിരിക്കുകയും ചെയ്ത അംഗങ്ങളുടേയും തുല്യ ബാധ്യതയായി കണക്കാക്കി പലിശസഹിതം തുക ഈടാക്കി വികസനഫണ്ടിൽ ഒടുക്കേണ്ടതാണ്. കൌൺസിൽ യോഗത്തിൽ വിയോജനക്കുറിപ്പ് ഹാജരാക്കുകയും തീരുമാനം സർക്കാർ ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്ത സാഹചര്യത്തിൽ സെക്രട്ടറിയേയും, ടി യോഗത്തിൽ പങ്കെടുക്കാതിരുന്ന അംഗങ്ങളായ ശ്രീ.ജിൻസൺ പീറ്റർ, ശ്രീ.അബ്ദുൾ ജബ്ബാർ, ശ്രീ. വി.ജി. ഷിബു, ശ്രീമതി. ദിവ്യ അനിൽകുമാർ എന്നിവരേയും ടി ബാദ്ധ്യതയിൽ നിന്നും ഒഴിവാക്കുന്നു. എന്നാൽ മേൽ ഖണ്ഡിക 2 പ്രകാരമുള്ള 9809/- രൂപ വികസനഫണ്ട് (എസ്.സി.പി.) വിഭാഗത്തിലേയ്ക്ക് തിരിച്ചടയ്ക്കുന്നതു വരെ സെക്രട്ടറിയുടെ ബാദ്ധ്യതയായി കണക്കാക്കുന്നതാണ്.

മേൽ അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് 18.01.2017 ൽ 3 -ാം നമ്പരായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## **3-2** <u>കൺസൾട്ടൻസി ചാർജ്ജ് അധികം നൽകിയത് , നഷ്ടം-**76,213/-** രൂപ</u>

2011 ൽ രൂപീകരിക്കപ്പെട്ട മരട് നഗരസഭയ്ക്ക് പുതിയ ആസ്ഥാനമന്ദിരംപണിയുന്നതിന് 21.07.2011-ലെ നഗരസഭ കൗൺസിൽ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത കെട്ടിടത്തിന്റെ പ്ലാൻ, ഡിസൈൻ എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കുന്നതിനായി ക്ഷമതയുള്ള സ്ഥാപനങ്ങളിൽ നിന്ന് ടെൻഡർ ക്ഷണിച്ചുകൊണ്ട് 28.09.2011-ൽ നഗരസഭ പത്രപ്പരസ്യം നല്കി. ഇതിൻപ്രകാരം കുറഞ്ഞ ടെൻഡർ ക്വാട്ട് ചെയ്ത കുമാർ ഗ്രൂപ്പ് നല്കിയ ടെൻഡറിൽ ആകെ എസ്റ്റിമേറ്റ് തുകയുടെ 2.75% ആണ് കൺസൾട്ടൻസി ചാർജ്ജായി ആവശ്യപ്പെട്ടിരുന്നത്. നിലവിലെ വ്യവസ്ഥകൾ പ്രകാരം 2.33% നിരക്കിൽ കരാരിലേർപ്പെടാൻ താല്പര്യമുണ്ടെങ്കിൽ ഉടൻതന്നെ അറിയിക്കണമെന്ന് അന്നത്തെ നഗരസഭസെക്രട്ടറി കുമാർ ഗ്രൂപ്പിന് കത്തയച്ചുവെങ്കിലും പിന്നീട് ഇത് സംബന്ധിച്ച് യാതൊരു നടപടിയും സ്വീകരിച്ചതായി കാണുന്നില്ല.

തുടർന്ന് 30.05.2012ൽ എഗ്രിമെന്റ് വെച്ച കുമാർ ഗ്രൂപ്പിന് കരാർ നല്കിയതിന്റെ അടിസ്ഥാനത്തിൽ കുമാർ ഗ്രൂപ്പ് തയ്യാറാക്കി നല്കിയ എസ്റ്റിമേറ്റിൽ സിവിൽ വർക്കിന് 1,60,00,000/-രൂപയും, ഇലക്ട്രിക്കൽ വർക്കിന് 18,00,000/- രൂപയും ആണ് വകയിരുത്തിയിരുന്നത്. ആദ്യഗഡുതുകയായി എസ്റ്റിമേററ് തുകയുടെ 2.75% -ന്റെ 10% തുകയായ 46,966/- രൂപ കുമാർ ഗ്രൂപ്പിന് ചെക്ക് നം. 43706/29.6.12 പ്രകാരം നല്കി. പിന്നീട് വിവിധ ഘട്ടങ്ങളിലായി 1,00,000/-, 40,450/-, 69,020/-,96,870/-, 73,425/- യഥാക്രമം 12.9.12, 25.1.14,13.2.14, 22.5.14 എന്നീ തീയതികളിൽ നല്കിയിട്ടുണ്ട്. അപ്രകാരം ആകെ 4,26,731/- രൂപയാണ് കുമാർ ഗ്രൂപ്പിന് കൺസൾട്ടൻസി ചാർജ്ജായി നഗരസഭ നല്കിയിട്ടുണ്ട്. ഈ കൺസൾട്ടൻസി ചാർജ്ജ് നല്കിയതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. കുമാർ ഗ്രൂപ്പ് സമർപ്പിച്ച ടെൻഡറിൽ ആകെ എസ്റ്റിമേറ്റ് തുകയുടെ 2.75% ആണ് കൺസൾട്ടൻസി ചാർജ്ജായി ആവശ്യപ്പെട്ടിരുന്നത്. ഇത് പരിഗണിച്ച മരട് നഗരസഭ സെക്രട്ടറി നിലവിലെ വ്യവസ്ഥകൾ പ്രകാരം എസ്റ്റിമേററ് തുകയുടെ 2.33% കരാറിൽ ഏർപ്പെടാൻ താല്പര്യമുണ്ടോ എന്ന് ആരാഞ്ഞുകൊണ്ട് കത്തയച്ചുവെങ്കിലും ആയതിന് യാതൊരു മറുപടിയും കുമാർ ഗ്രൂപ്പ് നല്കിയില്ല.എങ്കിലും കുമാർ ഗ്രൂപ്പിന് തന്നെയാണ് കൺസൾട്ടൻസി കരാർ നല്കിയത്. നിലവിലെ വ്യവസ്ഥകൾക്ക് വിരുദ്ധമാണ് എന്നറിഞ്ഞുകൊണ്ട് എന്തിന് ഈ കരാർ കുമാർ ഗ്രൂപ്പിന് നല്കിയത് എന്ന് വ്യക്തമല്ല.

2. നഗരസഭ കെട്ടിടനിർമ്മാണത്തിനായി കുമാർ ഗ്രൂപ്പ് തയ്യാറാക്കിയ വിശദമായ എസ്റ്റിമേറ്റിൽ സിവിൽ വർക്കിന് 1,60,00,000/- രൂപയും, ഇലക്ട്രിക്കൽ വർക്കിനായി 18,00,000/-രൂപയുമാണ് വകയിരുത്തിയിരുന്നത്. എന്നാൽ ഇല്ക്ട്രിക്കൽ എസ്റ്റിമേറ്റ് വളരെ ഉയർന്ന നിരക്കിലായതിനാൽ നഗരസഭ കൗൺസിൽ ഇലക്ട്രിക്കൽ എസ്റ്റിമേറ്റിന് അംഗീകാരം നല്കിയില്ല. ഈ സാഹചര്യത്തിൽ കൺസൾട്ടന്സി ചാർജ്ജ് കണക്കാക്കുന്നതിനായി ഈ രണ്ടുതുകകളും

ഉൾപ്പെടെ പരിഗണിക്കേണ്ടതില്ല. സിവിൽ വർക്കിന് അംഗീകാരം കിട്ടിയ 1,50,43,691/- രൂപ മാത്രമാണ് കൺസൾട്ടൻസി ചാർജ്ജായി നല്കേണ്ടയിരുന്നുള്ളു.

3. 15.02.2013-ലെ സ.ഉ(എം.എസ്)421/13/എൽ.എസ്.ജി.ഡി സർക്കാർ ഉത്തരവ് പ്രകാരം നഗരസഭകളിലെ പ്രവൃത്തികൾക്ക് ആർക്കിടെക്ചറൽ ഫീസായി സ്വകാര്യആർക്കിടെക്ചർമാർക്ക് സ്ടക്ചറൽഡിസൈനും, വിശദമായ എസ്റ്റിമേറ്റിനും, കരട് പ്ലാനും തയ്യാറാക്കുന്നതിന് കൊടുക്കേണ്ട കൺസൾട്ടൻസി ഫീസ് എന്നത് പൊതുമരാമത്ത് വകുപ്പിൽ നിലവിലുള്ള 3.5% -ന്റെ 2/3-ൽ ഭാഗമായ 2.33% -ൽ പരിമിതപ്പെടുത്തേണ്ടതാണ് എന്ന വ്യവസ്ഥയുണ്ട്. ഈ വ്യവസ്ഥയ്ക്ക് വിരുദ്ധമായി കുമാർ ഗ്രൂപ്പുമായി എഗ്രിമെന്റ് വെക്കാനും അതുപ്രകാരം അവർക്ക് അധികതുക നല്കുവാനും ഇടവരുത്തിയ സാഹചര്യം വ്യക്തമല്ല.

4. സിവിൽ വർക്കിന് അംഗീകാരം കിട്ടിയ 1,50,43,691/- രൂപയ്ക്ക് മാത്രം കൺസൾട്ടൻസി ചാർജ്ജ് കണക്കാക്കുമ്പോൾ താഴെ പ്പറയുന്ന പ്രകാരം അധിക തുക നല്കിയിട്ടുണ്ട്.

| | |
|---|---|
| ആകെ അംഗീകാരം കിട്ടിയ എസ്റ്റിമേറ്റ് അടങ്കൽ (കുമാർഗ്രൂപ്പ് തയ്യാറാക്കിയ എസ്റ്റിമേറ്റ് അനുസരിച്ച്) | 1,50,43,691 |
| കൺസൾട്ടൻസി ഫീസ് - 2.33% | 3,50,518 |
| ഇതുവരെ കുമാർ ഗ്രൂപ്പിന് നല്കിയത് | 4,26,731 |
| നിലവിലെ ഉത്തരവ് പ്രകാരം കൺസൾട്ടൻസി ഫീസായി നല്കാവുന്നത് കിഴിച്ച് അധികം നല്കിയത് | 76,213/- |

ഇപ്രകാരം നല്കിയ അധികതുക തിരികെ ഈടാക്കുവാൻ എന്തു നടപടി സ്വീകരിച്ചുവെന്ന് ആരാഞ്ഞു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 22 ന് മുനിസിപ്പൽ എഞ്ചിനീയർ നല്കിയ മറുപടിയിൽ M/S കുമാർ ഗ്രൂപ്പിന് അധികമായി നൽകിയ തുക തിരിച്ചടയ്ക്കുന്നതിന് 07.05.2015 ൽ നോട്ടീസ് നൽകിയിരുന്നെങ്കിലും നാളിതു വരെയായി തുക അടച്ചിട്ടില്ലായെന്ന് വിശദീകരിക്കുന്നു. മേൽ സാഹചര്യത്തിൽ അധികം നൽകിയ 76,213/- രൂപ M/S കുമാർ ഗ്രൂപ്പിൽ നിന്നും ഈടാക്കി നഗരസഭ ഫണ്ടിൽ അടവാക്കേണ്ടതാണ്.

## 3-3 സെക്രട്ടറിക്ക് ക്വാർട്ടേഴ്സ് വാടക

നഗരസഭ സെക്രട്ടറി താമസിക്കുന്ന ക്വാർട്ടേഴ്സിന്റെ വാടക നൽകിയ ഇനത്തിൽ 2015-16 ൽ താഴെപറയും പ്രകാരം തുക ചെലവാക്കിയിട്ടുണ്ട്

| ക്രമ നം. | വൗച്ചർ നം. | തുക | ചെക്ക് നം. /തിയതി |
|---|---|---|---|
| 1 | 94-4/15 | 12000 | 543004/28.4.15 |
| 2 | 62-5/15 | 12000 | 543049/13.5.15 |
| 3 | 117-6/15 | 12000 | 672258/25.6.15 |
| | ആകെ | 36000/- | |

ഈ ഇനത്തിൽ തുക ചെലവഴിച്ചതിന് നിദാനമായ സർക്കാർ ഉത്തരവ് നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.18) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ സർക്കാർ ഉത്തരവില്ലാതെ ചെലവഴിച്ച 36,000/- രൂപ നഗരസഭാ സെക്രട്ടറിയിൽ നിന്ന് തിരികെ ഈടാക്കേണ്ടതാണ്.

## 3-4 ആദായനികുതി ഈടാക്കിയതിൽ കുറവ്

മുനിസിപ്പാലിറ്റിയുടെ സ്യൂട്ട് രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ അപൂർണ്ണമാണ്. Advance given, Adjustments, Voucher No. എന്നീ കോളങ്ങൾ പൂരിപ്പിക്കുന്നില്ല. 2015-16 ലെ ക്യാഷ് ബുക്ക് /

വൌച്ചറുകൾ എന്നിവ പരിശോധിച്ചതിൽ, അഡ്വക്കേറ്റ് ഫീസിനത്തിൽ നൽകിയ തുകയിൽ നിന്ന് 1961 ലെ ആദായനികുതി നിയമം 194 J വകുപ്പ് പ്രകാരമുള്ള 10 % ആദായനികുതി ഈടാക്കിയിട്ടില്ല. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | അഡ്വക്കേറ്റിന്റെ പേര് | ചെക്ക് നം , തിയതി | നൽകിയ ഫീസ് | ഈടാക്കേണ്ടതായ നികുതി | ഈടാക്കിയ നികുതി | കുറവ് |
|---|---|---|---|---|---|---|
| 1. | അഡ്വ. ടി.ആർ. രാജൻ | 672256/22.6.15 | 21000 | 2100 | ഇല്ല | 2100 |
| 2. | അഡ്വ. ടി.ആർ. രാജൻ | 672316/29.7.15 | 18500 | 1850 | 400 | 1450 |
| 3. | അഡ്വ. ടി.ആർ. രാജൻ | 108859/23.1.16 | 50,000 | 5000 | ഇല്ല | 5000 |
| 4 | അഡ്വ. ഷാഹുൽ ഹമീദ് മൂപ്പൻ | 672308/20.7.15 | 32400 | 3240 | 324 | 2916 |
| 5. | അഡ്വ. ചന്ദ്രസേനൻ | 654324/22.3.16 | 4000 | 400 | ഇല്ല | 400 |
| | ആകെ | | | | | 11866 |

ആദായനികുതി ഈടാക്കിയതിലെ, മേൽവിവരിക്കുന്ന അപാകത സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നം. 12) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ആദായനികുതിയിനത്തിൽ അടവാക്കേണ്ടതായ 11866 രൂപ ഈടാക്കി അടവാക്കേണ്ടതാണ്.

# 3-5 സ്പോർട്ട്സ് കിറ്റ് വിതരണം- പ്രോജക്ട് അംഗീകാരം ലഭ്യമാക്കിയിട്ടില്ല

ചെക്ക് നം. - 108775/01.01.2016/ 1,43,994/- രൂപ
ചെക്ക് നം. - 108776/- 01.01.2016/ 5000/- രൂപ
2015-16 വർഷം തനതു ഫണ്ടിൽ നിന്നും 148994/- (143994 + 5000 -മൈക്ക് സെറ്റ്) രൂപ ചെലവഴിച്ച് സ്പോർട്ട്സ് കിറ്റ് വാങ്ങി നഗരസഭയിലെ വിവിധ വാർഡുകളിലുള്ള സ്പോർട്ട്സ് ക്ലബ്ബുകൾക്ക് വിതരണം ചെയ്തിട്ടുണ്ട്. ഇതു സംബന്ധമായ ഫയൽ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. സ്പോർട്ട്സ് കിറ്റ് വാങ്ങി വിതരണം ചെയ്ത പ്രവൃത്തി അംഗീകൃത പ്രോജക്റ്റിന്റെ അടിസ്ഥാനത്തിലല്ല നടപ്പാക്കിയിട്ടുള്ളത്. കേരള മുനിസിപ്പാലിറ്റി നിയമവും ചട്ടങ്ങളും സെക്ഷൻ 30 (1)പ്രകാരമുള്ള 1-ാം പട്ടികയിലെ പട്ടിക (എ) യിൽ വിവരിക്കുന്ന അനിവാര്യ ചുമതലകളൊഴികെ മറ്റെല്ലാ പ്രവൃത്തികളും സർക്കാർ നിർദ്ദേശത്തിനു വിധേയമായി പ്രോജക്ട് തയ്യാറാക്കി അംഗീകാരം വാങ്ങിയ ശേഷം മാത്രമേ നടപ്പാക്കാവൂ. കൂടാതെ മേഖലാടിസ്ഥാന ചുമതലകളിലും സ്പോർട്ട്സ് കിറ്റ് വിതരണം മുനിസിപ്പാലിറ്റി ഏറ്റെടുത്തു നടത്തുവാൻ ടി നിയമം അനുശാസിക്കുന്നില്ല.
2. സ്പോർട്ട്സ് കിറ്റ് വിതരണം ചെയ്യുന്നതിനായി തെരെഞ്ഞെടുത്ത ക്ലബ്ബുകളൊന്നുപോലും അംഗീകൃത രജിസ്ട്രേഷനോടു കൂടി പ്രവർത്തിക്കുന്ന സക്രിയ ക്ലബ്ബുകളാണെന്നു തെളിയിക്കുന്ന രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.
3. വിതരണ രജിസ്റ്ററിൽ 31 പേരുകൾ രേഖപ്പെടുത്തിയിട്ടുള്ളതിൽ 10 പേർ മാത്രമാണ് ഒപ്പിട്ടിട്ടുള്ളത്. കൂടാതെ ഫുട്ബോൾ 126 എണ്ണം വാങ്ങിയതിൽ 38 എണ്ണവും, ക്രിക്കറ്റ് ബാറ്റ് 123 എണ്ണം വാങ്ങിയതിൽ 39 എണ്ണവും, വോളീബോൾ 27 എണ്ണം വാങ്ങിയതിൽ 9 എണ്ണവും, ഷട്ടിൽ ബാറ്റ് 18 എണ്ണം വാങ്ങിയതിൽ 6 എണ്ണവും മാത്രമാണ് വിതരണരജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ബാക്കി സാധനങ്ങൾ എപ്രകാരം ആർക്കു നൽകിയെന്നതിനു രേഖയില്ല.

മേൽ അപാകത സംബന്ധിച്ച് നൽകിയ 4-ാം നമ്പർ ഓഡിറ്റ് അന്വേഷണത്തിനു മറുപടി ലഭ്യമാക്കാത്ത സാഹചര്യത്തിൽ ടി ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. കൂടാതെ തനതു ഫണ്ട് ഉപയോഗിച്ച് നടപ്പാക്കുന്നതും കേരള മുനിസിപ്പാലിറ്റി നിയമവും ചട്ടങ്ങളും സെക്ഷൻ 30 (1)പ്രകാരമുള്ള 1-ാം പട്ടികയിലെ പട്ടിക (എ) യിൽ വിവരിക്കുന്ന അനിവാര്യ ചുമതലകളിലുൾപ്പെടാത്തതുമായ വളരെയധികം പ്രവർത്തികൾ പ്രോജക്ട് തയ്യാറാക്കാതെയും സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാതെയുമാണ് നടപ്പാക്കിവരുന്നത്. ടി പ്രവണത ഒഴിവാക്കേണ്ടതും അനിവാര്യ ചുമതലകളൊഴികെയുള്ള മുഴുവൻ പ്രവർത്തികളും സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്കു വിധേയമായി പ്രോജക്ട് തയ്യാറാക്കി നടപ്പിലാക്കേണ്ടതുമാണ്. ഇക്കാര്യത്തിൽ ഭരണവകുപ്പിന്റെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 3-6 പ്ലാസ്റ്റിക് സംഭരണ ഷെഡ്-ലക്ഷ്യം കൈവരിക്കാതെ നിഷ്ക്രിയആസ്തിയായിക്കിടക്കുന്നു

| | |
|---|---|
| പ്രവൃത്തിയുടെ പേര് | പ്ലാസ്റ്റിക് സംഭരണ ഷെഡ് -ഡിവിഷൻ 22 |
| ഫയൽ നമ്പർ | E4-11787/14 |
| അടങ്കൽ തുക | 4,00,000/- |
| കോൺട്രാക്ടറുടെ പേര് | നിക്സൺ തോമസ് |
| എഗ്രിമെന്റ് നമ്പർ- തീയതി | 83/15-16 - 30.05.2015 |
| എഗ്രിമെന്റ് തുക | 4,00,000 |
| എം- ബുക്ക് നമ്പർ | 119/14-15 |
| കൺവീനർക്ക് നല്കിയ തുക | 3,55,958/-DD. No.501126Dtd.12.10.15 |

നഗരസഭയിലെ വിവിധ ഡിവിഷനുകളിലെ പ്ലാസ്റ്റിക് മാലിന്യങ്ങൾ വണ്ടികളിൽ ശേഖരിച്ച് അവയെല്ലാം 22-ാം ഡിവിഷനിലെ പുഴത്തീരത്തുള്ള ജനാധിവാസം ഇല്ലാത്ത പ്രദേശത്ത് ഒരു സംഭരണകേന്ദ്രം സ്ഥാപിച്ച് അവിടെ ശേഖരിക്കുകയും, പിന്നീട് സംസ്കരിച്ച് എടുക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെആരംഭിച്ച പദ്ധതിയാണിത്. 22.12.2014-ൽ സാങ്കേതികാനുമതി ലഭിച്ച ഈ പ്രവൃത്തിക്കുവേണ്ടി 20.2.15-ൽ ടെൻഡർ പരസ്യം കൊടുത്തിട്ടും, ആരും ടെൻഡർ ചെയ്തില്ല. 11.03.2015-ൽ റീടെൻഡർ പരസ്യം ചെയതപ്പോൾ ശ്രീ.നിക്സൺ തോമസ്സ് എന്നയാൾ മാത്രമേ ടെൻഡർ സമർപ്പിച്ചിരുന്നുള്ളു.

എസ്റ്റിമേറ്റ് നിരക്കിലുള്ള ടിയാന്റെ ടെൻഡർ 23.3.2015-ലെ 10-ാം നമ്പർ കൗൺസിൽ തീരുമാനപ്രകാരം അംഗീകരിച്ചു. ഈ പ്രവൃത്തി പൂർത്തീകരിച്ചപ്പോൾ ആകെ പ്രവൃത്തിമൂല്യം 3,78,679/- രൂപയിൽ നിയമാനുസൃത നികുതികൾ കിഴിച്ച് 3,55,958/- രൂപ കരാറുകാരന് നല്കി. ടി പ്രവൃത്തി ചെയ്ത സ്ഥലം പരിശോധനയിൽ പദ്ധതി നിർവ്വഹണം സംബന്ധിച്ച് താഴെപ്പറയുന്ന അപാകതകൾ കണ്ടു.

1. നഗരസഭയിലെ 22-ാം ഡിവിഷനിലെ പുഴത്തീരത്തുള്ള ജനാധിവാസം ഇല്ലാത്ത പ്രദേശത്താണ് ഈ ഷെഡ് നിർമ്മിച്ചിരിക്കുന്നത്. ഈ പ്രദേശം ചതുപ്പ് നിറഞ്ഞതും, മാലിന്യവുമായി വരുന്ന വാഹനങ്ങൾ സഞ്ചരിക്കാൻ യോഗ്യമല്ലാത്തതുമായ സ്ഥലമാണ്.
2. ടി പ്രദേശത്ത് ഷെഡ് നിർമ്മിക്കാൻ കരാർ വെച്ച കരാറുകാരൻ പ്രവൃത്തി നടത്താൻ എത്തിയപ്പോൾ, വർക്ക് സൈറ്റിൽ ചെളിയും, വെള്ളക്കെട്ടും കാരണം പണി ചെയ്യാൻ നിർവ്വാഹമില്ലാത്ത അവസ്ഥയാണെന്ന് ഡിവിഷൻ കൗൺസിലറുടെ കത്ത് ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ 10.08.2015-ലെ കൗൺസിൽ തീരുമാനപ്രകാരം എസ്റ്റിമേറ്റ് റിവൈസ് ചെയ്തിരുന്നു. ഈ റിവൈസ് എസ്റ്റിമേറ്റിൽ 10 മുതൽ 15 cm കനത്തിൽ വീണ്ടും മണ്ണിട്ട് ഉയർത്താൻ പ്രവൃത്തിഉൾപ്പെടുത്തി. ഒറിജിനൽ എസ്റ്റിമേറ്റിൽ 60 മുതൽ 75 cm വരെ കനത്തിൽ മണ്ണിട്ടുയർത്താൻ നേരത്തെതന്നെ പ്രൊവിഷൻ ഉണ്ടായിരുന്നു.അങ്ങനെ മൊത്തം ശരാശരി 1 മീറ്റർ കനത്തിൽ മണ്ണിട്ട് ഉയർത്തിയിട്ടാണ് ഈ പ്രദേശത്ത് നിർമ്മാണം നടത്തിയത്. 88,106/- രൂപ ചെലവാക്കി മണ്ണിട്ട് ഉയർത്തിയിട്ടും ഇപ്പോഴും വാഹനങ്ങൾ പുതഞ്ഞുപോകുന്ന തരത്തിൽ വെള്ളക്കെട്ടും, ചെളിയും നിറഞ്ഞ അവസ്ഥയിലാണ് പദ്ധതി പ്രദേശം
3. മാലിന്യ സംഭരണവാഹനങ്ങൾക്ക് ഷെഡിന്റെ സമീപത്തേക്കെത്താൻ യാതൊരു മാർഗ്ഗവും ഒരുക്കിയിട്ടില്ല.

4.സ്ഥലപരിശോധനവേളയിൽ പ്ലാസ്റ്റിക് സംഭരണ ഷെഡിന്റെ ചുറ്റുപാടും പുല്ല് നിറഞ്ഞു കിടക്കുന്ന അവസ്ഥയാണുണ്ടായിരുന്നത്.
5. നിലവിൽ മാലിന്യങ്ങൾ ഷെഡിൽ സംഭരിക്കാതെ ഷെഡിന് 200 മീറ്ററോളം മുൻപിൽ കൂട്ടിയിട്ടിരിക്കുയാണ് ചെയ്തിരിക്കുന്നത്.
6. ഒരു പ്രൊജക്ട് രൂപീകരിച്ചല്ല ഈ മരാമത്ത് പ്രവൃത്തി നടപ്പാക്കിയത്. കൗൺസിൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ മാത്രമാണ് പ്രവൃത്തി നടത്തിയത്. എല്ലാ പ്രവൃത്തികളും നിശ്ചിതപ്രൊഫോർമയിൽ തയ്യാറാക്കിയ പ്രൊജക്ടായി ക്ഷമതയുള്ള അധികാരികളിൽ നിന്ന് അംഗീകാരം വാങ്ങി മാത്രമേ നടപ്പാക്കാവൂ എന്ന സർക്കാർ മാർഗ്ഗനിർദ്ദേശത്തിന് വിരുദ്ധമാണിത്.
യാതൊരു തരത്തിലുള്ള നിർമ്മിതിയും നടത്താൻ അനുയോജ്യമല്ലാത്ത സ്ഥലത്ത് സംഭരണഷെഡ് നിർമ്മിച്ചതിനാലും, മേൽപ്രസ്താവിച്ച അപാകതകൾ നിലനില്ക്കുന്നതിനാലും 3.75 ലക്ഷം രൂപയോളം ചെലവഴിച്ച് നിർമ്മിച്ച പ്ലാസ്റ്റിക് സംഭരണ ഷെഡ് പ്രൊജക്ട് ലക്ഷ്യം കൈവരിക്കാതെ നിഷ്ക്രിയമായി കിടക്കുകയാണ് എന്നത് നഗരസഭാധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

# 3-7 <u>ക്രമീകരിക്കാത്ത മുൻകൂറുകൾ</u>

2015- 16 ലെ അഡ്വാൻസ് രജിസ്റ്റർ പ്രകാരം വിവിധ ആവശ്യങ്ങൾക്കായി നൽകിയിരിക്കുന്ന മുൻകൂറുകൾ സമയപരിധിക്കുശേഷവും ക്രമീകരിക്കാതെ നിലനിൽക്കുന്നു. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | തുക കൈപ്പറ്റിയ ആളുടെ പേര് | തുക | വൗച്ചർ നം. തിയതി | ചെക്ക് നം. തിയതി |
|---|---|---|---|---|
| 1 | ശ്രീ.വിനോദ് സി. ആർ. (R.I.) | 20,000.00 | 45-6/15 | 543095/3.6.15 |
| 2 | ശ്രീ.വിനോദ് സി. ആർ. (R.I.) | 50,000.00 | 73-10/15 | 501123 |
| 3 | ശ്രീ.വിനോദ് സി. ആർ. (R.I.) | 50,000.00 | 119-10/15 | 582524 |
| 4 | ശ്രീ.വിനോദ് സി. ആർ. (R.I.) | 1,50,000.00 | 20-11/15 | 582545/3.11.15( 169731) |
| 5 | ശ്രീ.വിനോദ് സി. ആർ.(R.I.) | 2,00,000.00 | 29-11/15 | 582252/9.11.15 |
| 6 | ശ്രീ. അബ്ദുൾ സത്താർ (R.O.) | 50,000.00 | 103-10/15 | 501142 |
| 7 | ശ്രീ.ജീവൻ ജോർജ്ജ് (LDC) | 2,000.00 | 87-1/16 | 108845/15.1.16 |
| 8 | ശ്രീ.കെ.എസ് നിയാസ് (JHI) | 5,000.00 | 125-1/16 | 108860/ |
| 9 | ശ്രീ.കെ.എസ് നിയാസ് (JHI) | 3,000.00 | 18-3/16 | 817730 |
| 10 | ശ്രീമതി.ഗ്രീഷ്മ എസ് | 6,500.00 | 32-2/16 | 817693/10.2.16 |
| 11 | ശ്രീ.ശശിധരൻ | 7,000.00 | 45-3/16 | 756983/9.3.16 |

| | | | | |
|---|---|---|---|---|
| | പ്രദീപ് | | | |
| | ആകെ | 5,43,500.00 | | |

മേൽ തുകകൾ ക്രമീകരിക്കാത്തതിനും ക്രമനമ്പർ 2,3,6,8 എന്നിവയ്ക്ക് വൗച്ചറുകൾ സൂക്ഷിക്കാത്തതിനും വിശദീകരണം നൽകുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നം. 19) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ മേൽ അഡ്വാൻസ് തുകകൾ കേരള ഫിനാൻഷ്യൽ കോഡ് വാല്യം 1 (ആർട്ടിക്കിൾ 99), GO. (p) No. 419/11/Fin dtd . 4.10.11. എന്നിവയിൽ അനുശാസിക്കുന്ന പ്രകാരം ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും 18% പലിശ സഹിതം ഈടാക്കി മുനിസിപ്പൽ ഫണ്ടിൽ അടവാക്കേണ്ടതാണ്. കൂടാതെ അഡ്വാൻസ് രജിസ്റ്ററിൽ വർഷാവസാന സംഗ്രഹം രേഖപ്പെടുത്തി ക്ഷമതയുള്ള ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി ഹാജരാക്കേണ്ടതാണ് . മുൻ വർഷങ്ങളിൽ ക്രമീകരിക്കാതെ നിലനിൽക്കുന്ന മുൻകൂറുകളും മേൽ നിയമത്തിനു വിധേയമായി ക്രമീകരിക്കേണ്ടതാണ്.

## 3-8 ഇ.എം.എസ്.ഭവന വായ്പ- ബാങ്കിൽ ഒടുക്കിയ പലിശ സർക്കാരിൽ നിന്നും തിരികെ ലഭിച്ചിട്ടില്ല

ഇ.എം.എസ്. ഭവന പദ്ധതി നടപ്പിലാക്കുന്നതിനു വേണ്ടി മരട് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കിൽ നിന്നും 18474000/- രൂപ 10% പലിശ നിരക്കിൽ വായ്പ എടുക്കുവാൻ കരാറിൽ ഏർപ്പെട്ടു. ബാങ്കിൽ നിന്നും 95 ലക്ഷം രൂപ മാത്രമേ നഗരസഭ വായ്പയായി എടുത്തിട്ടുള്ളൂ. 14/3/13ലെ തദ്ദേശ സ്വയംഭരണ (ഡി.ബി.) വകുപ്പിന്റെ സ.ഉ.(എം.എസ്.) 90/13 / ത.സ്വ.ഭ.വ. നമ്പർ ഉത്തരവു പ്രകാരം ഇ.എം.എസ്. ഭവന പദ്ധതിയിലെ വായ്പ പലിശ തിരികെ സർക്കാരിൽ നിന്നും ലഭിക്കുവാൻ മരട് മുൻസിപ്പാലിറ്റിക്ക് അർഹതയുണ്ട്. (മരട് പഞ്ചായത്ത് 2011ൽ നഗരസഭയായി ഉയർത്തി.) ബഹു. മുൻസിപ്പൽ ചെയർമാന്റേയും നിർവ്വഹണ ഉദ്യോഗസ്ഥനായ മെംബർ സെക്രട്ടറി (ജെ.എച്ച്.ഐ.) സംയുക്ത അക്കൗണ്ട് ആരംഭിച്ചാണ് വായ്പ എടുത്തിരിക്കുന്നത്. എന്നാൽ നഗരകാര്യ ഡയറക്ടറുടെ കണക്കുകൾ പ്രകാരം നഗരസഭ വായ്പ ഒന്നും എടുത്തിട്ടില്ല എന്ന് അറിയിച്ചു. ആയതു തിരുത്തുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. നഗരസഭ 15-16 വർഷം വരെ താഴെ പറയും പ്രകാരം ടി വായ്പയിൻ മേൽ തിരിച്ചടവു നടത്തിയിട്ടുണ്ട്.

| തുക | ചെക്ക് നം | വർഷം | ആകെ തിരിച്ചടച്ച തുക |
|---|---|---|---|
| 570865 | 008519/31.3.14 | 2013-14 | 5,70,865 |
| 1000000 | 622747/19.11.2014 | 2014-15 | 48,53,959 |
| 186959 | ക്രെഡിറ്റ് ട്രാൻസ്ഫർ / 18.3.2015 | | |
| 3667000 | 529320/27/3/2015 | | |
| 500000 | 533358/3/8/2015 | 2015-16 | 15,28,310 |
| 1028310 | 580798/31/3/16 | | |
| 6953134 | | | 69,53,134 |

ആയതിനാൽ നാളിതു വരെ അടവാക്കിയ മുതൽ, പലിശ എന്നിവയുടെ വിശദാംശങ്ങൾ, ബാങ്കിൽ നിന്നും ലഭ്യമാക്കി ടി ഇനത്തിൽ അടവാക്കിയ പലിശ സർക്കാരിൽ നിന്നും തിരികെ ലഭ്യമാക്കുവാൻ മേല്പറഞ്ഞ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-9 അങ്കണവാടികളിൽ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പ് വരുത്തുവാൻ നടപടി സ്വീകരിക്കണം

നഗരസഭയിലെ വിവിധ ഡിവിഷനുകളിലായി 41 അങ്കണവാടികളാണുള്ളത്. അതിൽ സ്വന്തമായി കെട്ടിടമുള്ളവ 27 എണ്ണവും, വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്നവ 14 എണ്ണവുമാണുള്ളത്. 2015-16 സാമ്പത്തികവർഷം സ്വന്തമായി കെട്ടിടമുള്ള 27 അങ്കണവാടികളിൽ എയർ കണ്ടീഷണർ വാങ്ങി സ്ഥാപിക്കുന്നതിനുള്ള പ്രൊജക്ട് നഗരസഭ തയ്യാറാക്കി അംഗീകാരം വാങ്ങിയിട്ടുണ്ട്. ഇതിന്റെ ആദ്യഘട്ടമായി ഈ 27 അങ്കണവാടികളിലും ഫാൾസ് സീലിംഗ് സ്ഥാപിച്ച് അവശ്യംവേണ്ട മറ്റ് അറ്റകുറ്റപ്പണികളും നടത്തി ഏ.സി സ്ഥാപിക്കുന്നതിനുതകും വിധം സജ്ജീകരിക്കുന്നതിനായി 12,00, 000/- അടങ്കൽ വകയിരുത്തി, 15.02.2016-ൽ ടെൻഡർ ക്ഷണിച്ചു. ശ്രീ.ആർ.ആർ.തോമസ്സ് എന്നയാൾ എസ്റ്റിമേറ്റ്നിരക്കിനേക്കാൾ 8.58% കുറവിൽ ടെൻഡർ പിടിച്ച ഈ പ്രൊജക്ട് 30.06.2016-ൽ പൂർത്തീകരിച്ച് ടിയാൾക്ക് 10,30,824/- രൂപ ഫൈനൽ ബിൽത്തുക നല്കിയിട്ടുണ്ട്. (MB.No.205/15-16)

നഗരസഭയിലെ 41 അങ്കണവാടികളിൽ സ്വന്തമായി കെട്ടിടമുള്ള 27 അങ്കണവാടികളിലാണ് എയർ കണ്ടീഷണർ വാങ്ങിസ്ഥാപിക്കാൻ നഗരസഭ പ്രാരംഭപ്രവൃത്തികൾ നടത്തിയത്. എയർ കണ്ടീഷണർ വാങ്ങാനുള്ള ടെൻഡർ നടപടികൾ ആരംഭിച്ചിട്ടില്ല. അങ്കണവാടികളുടെ പ്രാഥമിക അടിസ്ഥാനാവശ്യങ്ങൾ (സ്വന്തമായി സ്ഥലം, അടച്ചുറപ്പും സുരക്ഷിതവുമായ കെട്ടിടം, വെള്ളം, വൈദ്യുതി, പോഷകാഹാരം, കളിയുപകരണങ്ങൾ,പഠനോപകരണങ്ങൾ എന്നിവ) ഉറപ്പുവരുത്തുക എന്നതാണ് ശിശുസംരക്ഷണമേഖലപ്രവൃത്തികളിൽ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ പ്രാഥമികചുമതല. അങ്കണ വാടികളിൽ ആധുനിക സൗകര്യങ്ങൾ ഏർപ്പെടുത്തുന്നത് പുതിയ വികസന മാതൃകകൾ സൃഷ്ടിക്കുമെങ്കിലും നഗരസഭയിലെ 14 അങ്കണവാടികൾക്ക് ഇനിയും സ്വന്തമായി സ്ഥലവും, കെട്ടിടവും നല്കാനാവാത്ത സാഹചര്യത്തിൽ അത് കണ്ടെത്തുന്നതിന് മുൻഗണന നൽകണം.

## 3-10 സ്വകാര്യസ്ഥാപനങ്ങളിൽ നിന്നോ, വ്യക്തികളിൽ നിന്നോ ഫണ്ട് സ്വീകരിച്ച് പ്രൊജക്ടുകളുടെ നിർവ്വഹണം -അപാകതകൾ

| | |
|---|---|
| പ്രവൃത്തിയുടെ പേര് | അടിച്ചിലി തോട് -പാർശ്വ ഭിത്തി നിർമ്മാണം |
| ഫയൽ നമ്പർ | E2-4747/12 |
| അടങ്കൽ തുക | 92,00,000/- |
| കോൺട്രാക്ടറുടെ പേര് | ശ്രീ.ടി.കെ വർഗ്ഗീസ്സ് |
| എഗ്രിമെന്റ് നമ്പർ- തീയതി | 62/13-14 - 20.11.2013 |
| എഗ്രിമെന്റ് തുക | 92,00,000/- |
| എം- ബുക്ക് നമ്പർ | 211/14-15 |
| കോൺട്രാക്ടർക്ക് നല്കിയ തുക | 25,53,184/-DD. No.008632- Dtd.10.06.14 |
| | 27,18,084/- DD No.208773- Dtd.02.02.15 |
| | 33,56,293/-DD No.108795- Dtd.05.01.16 |
| | ആകെ -86,27,561/-- |

മരട് നഗരസഭയിൽ മരട് വില്ലേജിലെ സർവ്വേനമ്പർ.26/20, 23/20- ൽപ്പെട്ട സ്ഥലത്ത്

നിർമ്മിക്കുന്നHILITE BUILDERS-ന്റെ സൈറ്റിലേക്ക് മുനിസിപ്പാലിറ്റി റോഡിൽ നിന്ന് അടിച്ചി തോടിന് കുറുകെ നഗരസഭയുടെ അനുമതിയില്ലാതെ ഒരു കൽവർട്ട് നിർമ്മിക്കുന്നു എന്ന പരാതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ 19.04.2012 -ൽ കൂടിയ നഗരസഭ കൗൺസിൽ നഗരസഭയുടെ അനുമതിയില്ലാതെ 4.80 മീറ്റർ വീതിയിൽ നിർമ്മിച്ച ടി കൽവർട്ട് 1994-ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ 369-ാം വകുപ്പിന്റെ ലംഘനമായതിനാൽ ടി നിർമ്മിതി പൊളിച്ചുനീക്കുവാൻ നിർദ്ദേശം നല്കി. ഇത് സംബന്ധിച്ച് നഗരസഭ നല്കിയ നോട്ടീസിന് HILITE BUILDERS ഉടമസ്ഥർ നല്കിയ മറുപടിയിൽ, തങ്ങളുടെ വർക്ക് സൈറ്റിലേക്ക് നിർമ്മാണസാമഗ്രികൾ കൊണ്ടുവരാനുതകുന്നവിധത്തിലും, ആപ്രദേശത്തെ ജനങ്ങൾക്ക് ഗതാഗതസൗകര്യം ലഭ്യമാകുന്ന വിധത്തിലും അടിച്ചിലിതോടിന്റെ വശങ്ങൾ ബലപ്പെടുത്തുന്നതിനും, തോടിന് കുറുകെ സ്ലാബ് വാർത്തിട്ട് നിലവിലെ റോഡിന് വീതി കൂട്ടുന്നതിനും വേണ്ടി വരുന്ന ചെലവുകൾ തങ്ങൾ വഹിക്കുവാൻ തയ്യാറാണെന്ന് നഗരസഭയെ അറിയിച്ചു.

ഇത് പരിഗണിച്ച മുനിസിപ്പൽ കൗൺസിൽ, 22.09.12ലെ 4ാം നമ്പർ തീരുമാനത്തിൽ, ഹൈലൈറ്റ് ബിൽഡേഴ്സ് അപേക്ഷിച്ചപ്രകാരം നാഷണൽ ഹൈവേയുടെ ആരംഭം മുതൽ ഹൈലാന്റ് ബിൽഡേഴ്സ് കെട്ടിടത്തിന്റെ വർക്ക് സൈറ്റ് വരെയുള്ളഭാഗം തോടിന് മുകളിൽ കോൺക്രീറ്റ് സ്ലാബ് വാർത്തിട്ട് ടി പ്രദേശത്തെ എല്ലാ ജനങ്ങൾക്കും ഉപകാരപ്രദമാകുന്നവിധത്തിൽ അതിന് സമാന്തരമായ റോഡ് ടാർ ചെയ്യുന്നതിനും, ഇതുമായ ബന്ധപ്പെട്ട എല്ലാ ചെലവുകളും ഹൈലൈറ്റ് ബിൽഡേഴ്സ് മുനിസിപ്പാലിറ്റിയിൽ അടയ്ക്കാമെന്നേറ്റിരിക്കുന്ന ഫണ്ടിൽ നിന്ന് വഹിക്കുന്നതിനും തീരുമാനിക്കുകയും, അതിനാവശ്യമായ എല്ലാ നടപടികളും സ്വീകരിക്കുവാൻ മുനിസിപ്പൽ എൻജിനീയറെയും, വാർഡ് കൗൺസിലറേയും ചുമതലപ്പെടുത്തി. 07.02.2013-ൽ ഹൈലൈറ്റ് ബിൽഡേഴ്സ് രസീതി നമ്പർ. 00151പ്രകാരം 92,00,000/- രൂപ മുനിസിപ്പൽ ഫണ്ടിൽ അടച്ചിട്ടുണ്ട്.നഗരസഭ ചട്ടപ്രകാരം ടെൻഡർ ക്ഷണിക്കുകയും, എസ്ററിമേറ്റ് നിരക്കിൽ ടെൻഡർ സമർപ്പിച്ച ശ്രീ.ടി.കെ വർഗ്ഗീസ് എന്നയാൾക്ക് ടെൻഡർ ഉറപ്പിച്ച് നല്കുകയും ചെയ്തു.
ഈ പ്രവൃത്തി ചെയ്തതിന് താഴെപ്പറയും പ്രകാരം കോൺട്രാക്ടർക്ക് തുക നല്കിയിട്ടുണ്ട്.

.

| | ബിൽ തുക | ഡി.ഡി.നം.-തീയതി | നികുതിയിനത്തിൽ ഈടാക്കിയത് |
|---|---|---|---|
| Ist Part bill | 25,53,184 | 008632/ 10.6.14 | 1,50,186 |
| Iind Part Bill | 27,18,084 | 208773/02.02.15 | 1,94,149 |
| IIIrd & Final Bill | 33,56,293 | 108795/5.01.16 | 1,74,404 |
| ആകെ നല്കിയത് | 86,27,561 | | 5,18,739 |
| ആകെ പദ്ധതിച്ചെലവ് | | 91,46,300 | |

മേൽപ്പറഞ്ഞപ്രകാരം ഹൈലൈറ്റ് ബിൽഡേഴ്സ് മുനിസിപ്പാലിറ്റിയിൽ അടച്ച 92,00,000/- രൂപയിൽ 91,46,300/- രൂപയും ചെലവഴിച്ച ഈ നിർമ്മാണപ്രവൃത്തിയുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന അപാകതകൾ സംഭവിച്ചതായി കാണുന്നു.
1.നഗരസഭയുടെ അധികാരപരിധിയിലുള്ള പൊതുവഴിയും, ജലനിർഗ്ഗമനപാതയും(തോട്) അനധികൃതമായി കൈയ്യേറി നിർമ്മാണപ്രവൃത്തി നടത്തിയ ഒരു സ്വകാര്യകമ്പനിക്കെതിരെ കേരളമുനിസിപ്പാലിറ്റി നിയമത്തിലെ 269-ാം വകുപ്പിന്റെ ലംഘനത്തിനെതിരെ നടപടി സ്വീകരിക്കുന്നതിന് പകരം ആ സ്വകാര്യനിർമ്മാണകമ്പനിയുമായി നെഗോസിയേഷൻ നടത്തി അവരുടെ ഫണ്ട് മുനിസിപ്പൽ ഫണ്ടിലേക്ക് സ്വീകരിച്ച് അവർക്കുവേണ്ടി മുനിസിപ്പാലിറ്റിയുടെ മരാമത്ത് സംവിധാനങ്ങൾ ഉപയോഗിച്ച് പൊതുതോടിന് കോൺക്രീറ്റ് സ്ലാബിട്ട് നാഷണൽ ഹൈവേയുടെ പ്രവേശനകവാടം മുതൽ ഈ സ്വകാര്യകമ്പനിയുടെ ഗേറ്റ് വരെ റോഡിന് വീതി കൂട്ടി നല്കിയത് ആ പ്രദേശത്തെ പൊതുജനതാല്പര്യാർത്ഥമാണോയെന്ന് ബന്ധപ്പെട്ട കൗൺസിൽ തീരുമാനങ്ങളിലോ, ഫയലിലോ വ്യക്തമാക്കുന്നില്ല.
2. ഈ കമ്പനി നഗരസഭയ്ക്ക് റോഡ് വീതി കൂട്ടിനല്കുവാനായി നല്കിയ 92,00,000/- രൂപ മുനിസിപ്പാലിററിയുടെ തനത് ഫണ്ട് അക്കൗണ്ടിലേക്കാണ് നിക്ഷേപിച്ചത്.

മുനിസിപ്പാലിറ്റിയുടെ തനത് ഫണ്ട് അക്കൗണ്ടിൽ നിക്ഷേപിക്കേണ്ട വരവുകളെക്കുറിച്ച് വ്യക്തമായ നിബന്ധനകളുള്ളപ്പോൾ, ഒരു പ്രത്യേകാവശ്യത്തിനായി ലഭിച്ച ഫണ്ട് ആ തനത് ഫണ്ട് അക്കൗണ്ടിൽ നിക്ഷേപിച്ച നടപടി തെറ്റാണ്.

3. ഒരു പ്രൊജക്ട് രൂപീകരിച്ചല്ല ഈ മരാമത്ത് പ്രവൃത്തി നടപ്പാക്കിയത്. കൗൺസിൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ മാത്രമാണ് പ്രവൃത്തി നടത്തിയത്. എല്ലാ പ്രവൃത്തികളും നിശ്ചിതപ്രൊഫോർമയിൽ തയ്യാറാക്കിയ പ്രൊജക്ടായി ക്ഷമതയുള്ള അധികാരികളിൽ നിന്ന് അംഗീകാരം വാങ്ങി മാത്രമേ നടപ്പാക്കാവൂ എന്ന സർക്കാർ മാർഗ്ഗനിർദ്ദേശത്തിന് വിരുദ്ധമാണിത്.

മേൽപ്പറഞ്ഞ അപാകതകൾ ഉണ്ടെന്നിരിക്കിലും, മുനിസിപ്പാലിറ്റിയുടെ ആസ്തിയിൽ ഉൾപ്പെട്ട ഈ റോഡ് നിർമ്മാണത്തിനായി ലഭിച്ച ഫണ്ട് മുഴുവനും ആ ആവശ്യത്തിനായി ചെലവഴിച്ച എന്ന വസ്തുത കണക്കിലെടുത്തും, ഈ റോഡിന്റെ മേജർ ഗുണഭോക്താവ് ഈസ്വകാര്യകമ്പനിയാണെങ്കിലും, ആ പ്രദേശത്തെ പൊതുജനങ്ങളുടെ ഗതാഗത സ്വാതന്ത്ര്യത്തെ തടസ്സപ്പെടുത്താതിനാലും, മേൽപ്പറഞ്ഞ ചെലവ് സാധൂകരിക്കപ്പെടുന്നുണ്ടെങ്കിലും , ഭാവിയിൽ ഇത്തരത്തിൽ സ്വകാര്യസ്ഥാപനങ്ങളുടെ ഫണ്ട് വിനിയോഗിച്ച് പ്രവൃത്തികൾ ചെയ്യുമ്പോൾ പൊതുജനഹിതത്തെ മാനിച്ചും, നിലവിലെ ചട്ടങ്ങൾ പാലിച്ചും വേണം പ്രൊജക്ടുകൾ നടപ്പിലാക്കാവൂ എന്നത് നഗരസഭാധികൃതരുടെ സവിശേഷ ശ്രദ്ധയിൽപ്പെടുത്തുന്നു.

# 3-11 ഹെഡ്മാസ്റ്റർ നിർവ്വഹണം നടത്തിയ പ്രോജക്ടിലെ അപാകതകൾ

എ) ഫിസിയോ തെറാപ്പി പ്രോജക്ട് സംബന്ധിച്ച്

മാങ്കായിൽ എൽ.പി സ്കൂളിൽ പഠിക്കുന്ന ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുവേണ്ടി നിയമിച്ച ഫിസിയോ തെറാപ്പിസ്റ്റിന് സർക്കാർ നിർദേശിച്ചിരിക്കുന്നതിനെക്കാൾ കൂടുതൽ ശമ്പളം നൽകിയിട്ടുണ്ട്. ഇത് സംബന്ധിച്ച വിശദവിവരം താഴെ ചേർക്കുന്നു.

പ്രോജക്ടിന്റെ പേര് – ഫിസിയോ തെറാപ്പി

പ്രോജക്ട് നമ്പർ - 48/15-16

| ചെലവ് തുക | ബിൽ നം. | തിയതി |
|---|---|---|
| 60000/ | 2/15 | 17.8.15 |
| | 3/15 | 17.8.15 |
| | 5/15 | 16.10.15 |
| | 6/15 | 31.12.15 |
| | 7/15 | 23.2.16 |
| | 8/15 | 23.2.16 |

| ജീവനക്കാരുടെ പേര് | ജോലി ചെയ്ത ദിവസങ്ങൾ (അറ്റൻഡൻസ് രജിസ്റ്റർ പ്രകാരം) | നൽകിയ ഹോണറേറിയം | നൽകേണ്ട ഹോണറേറിയം ദിവസം 400 രൂപ നിരക്കിൽ ( G.O. M.S. 362/ 2013 ത.സ്വ.ഭ.വ. 16.11.2013 പ്രകാരം) | വ്യത്യാസം |
|---|---|---|---|---|
| ശ്രീമതി ബേബി പ്രിയ ഡി. , രേവതി എം. എസ്., | 3/15, 6/15 മുതൽ 2/16 വരെ , 10 x8 = 80 days | 60,000/- | 32,000/- | 28,000/- |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.7) ലഭ്യമാക്കിയ മറുപടിയിൽ , ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന 22 കുട്ടികൾക്ക് പ്രോജക്ടിൻെറ പ്രയോജനം ലഭിച്ചിരുന്നതായും സർക്കാർ നിരക്കിലേക്ക് വേതനം കുറച്ചതിനാൽ ഫിസിയോ തെറാപ്പിസ്റ്റിൻെറ സേവനം ലഭ്യമാകാത്തതിനാൽ സെൻററിൻെറ പ്രവർത്തനം നിലച്ചുപോയതായും പറയുന്നു. സമൂഹത്തിലെ പ്രത്യേക പരിഗണന അർഹിക്കുന്ന ( ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന) വിഭാഗത്തിൽ പെടുന്ന കുട്ടികൾക്ക് നൽകിയ സേവനത്തിനായി ചെലവഴിച്ച തുക എന്ന നിലയിൽ മേൽ തുക തടസ്സപ്പെടുത്തുന്നില്ല. എന്നാൽ ഇത്തരം പ്രോജക്ടുകൾ നടപ്പിലാക്കുമ്പോൾ സർക്കാർ ഉത്തരവുകൾക്കു വിധേയമായി മാത്രമേ നടപ്പാക്കാവൂ എന്ന് വിവരം ഇതിനാൽ ശ്രദ്ധയിൽപ്പെടുത്തുന്നു.

ബി) സ്പീച്ച് തെറാപ്പി പ്രോജക്ട് സംബന്ധിച്ച്

മാങ്കായിൽ എൽ.പി സ്കൂളിൽ പഠിക്കുന്ന ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുവേണ്ടി നിയമിച്ച സ്പീച്ച് തെറാപ്പിസ്റ്റിന് സർക്കാർ നിർദേശിച്ചിരിക്കുന്നതിനെക്കാൾ കൂടുതൽ ശമ്പളം നൽകിയിട്ടുണ്ട്. ഇത് സംബന്ധിച്ച വിശദവിവരം താഴെ ചേർക്കുന്നു.

പ്രോജക്ടിൻെറ പേര് - സ്പീച്ച് തെറാപ്പി

പ്രോജക്ട് നമ്പർ - 49/15-16

| ചെലവ് തുക | ബിൽ നം. | തിയതി |
|---|---|---|
| 24000/- | 1/15 | 17.8.15 |
| | 4/15 | 17.8.15 |

.

| ജീവനക്കാരുടെ പേര് | ജോലി ചെയ്ത ദിവസങ്ങൾ (അറ്റൻഡൻസ് രജിസ്റ്റർ പ്രകാരം) | നൽകിയ ഹോണറേറിയം | നൽകേണ്ട ഹോണറേറിയം ദിവസം 400 രൂപ നിരക്കിൽ ( G.O. M.S. 362/ 2013 ത.സ്വ.ഭ.വ. 16.11.2013.) | വ്യത്യാസം |
|---|---|---|---|---|
| ശ്രീമതി നീനു മരിയ എൻ.എ. | 3/15 മുതൽ 6/15 വരെ , 4 x8 = 32 days | 24,000/- | 12800/- | 11200/- |

സ്പീച്ച് തെറാപ്പിസ്റ്റിൻെറ സേവനം ലഭിച്ചുകൊണ്ടിരുന്ന 11 കുട്ടികളാണ് അറ്റൻഡൻ രജിസ്റ്റർ പ്രകാരം ആ കാലയളവിൽ ഹാജരായിരുന്നത് എന്നാണ് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 7 ന് മറുപടി നിൽകിയിരിക്കുന്നത്. എന്നാൽ വേതനം കുറഞ്ഞതിനാൽ സ്പീച്ച് തെറാപ്പിസ്റ്റിൻെറ സേവനം ലഭ്യമാകാത്തതിനാൽ തെറാപ്പി സെൻററിൻെറ പ്രവർത്തനം ഇപ്പോൾ നിലച്ചിരിക്കുകയാണ്. ശാരീരികമാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് നൽകിയ സേവനത്തിനായി ചെലവഴിച്ച തുക എന്ന നിലയിൽ ടി തുക തടസ്സപ്പെടുത്തുന്നില്ല. സർക്കാർ ഉത്തരവിന്റെ പരിധിക്കുള്ളിൽ ചെലവുകൾ പരിമിതപ്പെടുത്തേണ്ടതാണ്.

# 3-12 ചെലവുരേഖകൾ ഹാജരാക്കിയില്ല - തുക നിരാകരിക്കുന്നു

താഴെ പറയുന്ന വൗച്ചറുകൾ പ്രകാരമുള്ള ചെലവുരേഖകൾ /ഫയലുകൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 20) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ പ്രസ്തുത ചെലവുതുകകൾ ഓഡിറ്റിൽ നിരാകരിക്കുന്നു.

| ക്രമ നം. | വൗച്ചർ നം./ഫയൽ നം | വിവരണം | തുക | ചെക്ക് നം. | കുറിപ്പ് |
|---|---|---|---|---|---|
| 1 | 63-11/15, E4-6656/12 | എഡിസൺ ഇലക്ട്രോണിക്സ് , സി.എഫ്.എൽ ലാമ്പ് മെയിന്റനൻസ് | 68607 | 582565 /16.11.15 | ചെലവ് രേഖകൾ ഹാജരാക്കേണ്ടതാണ് |
| 2 | 98/11-15, E4-8920/2013 | എഡിസൺ ഇലക്ട്രോണിക്സ് , സി.എഫ്.എൽ ലാമ്പ് മെയിന്റനൻസ് | 849242 | 780916 | വൗച്ചർ ഇല്ല , ചെലവ് രേഖകൾ ഹാജരാക്കേണ്ടതാണ് |
| 3 | 105 / 12-15 , E4-8920/2013 | എഡിസൺ ഇലക്ട്രോണിക്സ് , സി.എഫ്.എൽ ലാമ്പ് മെയിന്റനൻസ് | 849242 | 108766 /29.12.15 | ചെലവ് രേഖകൾ ഹാജരാക്കേണ്ടതാണ് |
| 4 | 181/ 3-16 | എഡിസൺ ഇലക്ട്രോണിക്സ് , സി.എഫ്.എൽ ലാമ്പ് മെയിന്റനൻസ് | 1470465 | 78093 /31.3.16 | ചെലവ് രേഖകൾ ഹാജരാക്കേണ്ടതാണ് |
| 5 | 111/ 1-16 | ഇലക്ഷൻ ഉദ്യോഗസ്ഥർക്ക് നൽകിയ വേതനം | 24000 | 108847 /20.1.16 | അനുബന്ധ രേഖകൾ ഹാജരാക്കേണ്ടതാണ് |
| 6 | 100/ 1-16 | 31- ാം നം. അങ്കണവാടിയിലേക്ക് കുടിവെള്ള കണക്ഷൻ എടുത്ത വകയിൽ ഷൈൻ വർഗ്ഗീസിനു നൽകിയത് | 16590/- | 108839 /18.1.16 | അനുബന്ധ രേഖകൾ ഹാജരാക്കേണ്ടതാണ് |
| 7 | 77/1-16 | വിൻഡോ പരസ്യം മംഗളം പത്രത്തിനു നൽകിയത് | 3230/- | 108825 /15.1.16 | അനുബന്ധ രേഖകൾ ഹാജരാക്കേണ്ടതാണ് |
| 8 | 74/ 1-16 | KL 39 E-6566 വാഹനത്തിന്റെ ഇൻഷ്വറൻസ് , യുണൈറ്റഡ് ഇന്ത്യ ഇൻഷ്വറൻസ് | 4175/- | 108815 /14.1.16 | അനുബന്ധ രേഖകൾ ഹാജരാക്കേണ്ടതാണ് |
| 9 | 21/1-16 | ജീവനക്കാരുടെ പി.എഫ്, എൽ.ഐ.സി ,പെൻഷൻ കോൺട്രിബ്യൂഷൻ | 150085 | 108783 /1.1.16 | അടവു രേഖകൾ ഹാജരാക്കിയില്ല |

| | | | | | |
|---|---|---|---|---|---|
| 10 | 20/1-16 | ജി.ഐ.എസ് , , എസ്.എൽ.ഐ | 5994 | 108783 /1.1.16 | അടവു രേഖകൾ ഹാജരാക്കിയില്ല |
| 11 | 19/1-16 | നെട്ടൂർ പി.എച്ച്.സി യിലെ മരം മുറിച്ചത്, ഉണ്ണി, വെള്ളക്കാപറമ്പിൽ, ഉദയംപേരൂർ | 17750 | 108781 /1.1.16 | അടവു രേഖകൾ ഹാജരാക്കിയില്ല |
| 12 | 84/3-16 | റിട്ടയർഡ് എ.ഇ ശ്രീധരൻ നായർക്ക് നൽകിയ വേതനം | 9404 | 817779 /22.3.16 | കൈപ്പറ്റ് രേഖയില്ല |
| 13 | 68/3-16 | ശ്രീ.ടി.കെ വർഗ്ഗീസിന് റീടെൻഷൻ തുക തിരിച്ച നൽകിയത് | 24525 | 817771 /17.3.16 | കൈപ്പറ്റ് രേഖയില്ല |
| 14 | 64/3-16 | വാഹനത്തിന്റെ ഇൻഷ്വറൻസ് , യുണൈറ്റഡ് ഇന്ത്യ ഇൻഷ്വറൻസ് KL07BB 1538 | 3692 | 817767 .15.3.16 | അനുബന്ധ രേഖയില്ല |
| 15 | 59/3-16 | കോൺകോഡ് മോട്ടോർസ്, വാഹന റിപ്പയറിംഗ് ചാർജ്ജ് KL 39 C 7130 | 19546 | 817764 /15.3.16 | അനുബന്ധ രേഖയില്ല |
| 16 | 58/3-16 | KL-39-C-7000 വാഹനത്തിന്റെ ഇൻഷ്വറൻസ് , യുണൈറ്റഡ് ഇന്ത്യ ഇൻഷ്വറൻസ് | 11648 | 817763 /15.3.16 | അനുബന്ധ രേഖയില്ല |
| 17 | 47/3-16 | മരാമത്ത് പ്രവൃത്തിറിക്കവറി, ഡിസംബർ , ജനുവരി | 601619 | 817754 /8.3.16 | അനുബന്ധ രേഖയില്ല |
| 18 | 16/3-16 | ആംബുലൻസിന്റെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഫീസ് | 2500 | 817730 / 2.3.16 | അനുബന്ധ രേഖയില്ല |
| 19 | 146/3-16 | അങ്കണവാടികളുടെ കറൻറ് ചാർജ്ജ് | 1268 | 654359 /24.3.16 | ബിൽ, രസീത് ഹാജരാക്കയിട്ടില്ല. |
| 20 | 145/3-16 | അങ്കണവാടികളുടെ വാട്ടർ ചാർജ്ജ് | 1272 | 654358 /29.3.16 | ബിൽ, രസീത് ഹാജരാക്കയിട്ടില്ല. |
| 21 | 144/ 3-16 | അങ്കണവാടികളുടെ വാട്ടർ ചാർജ്ജ് | 1626 | 654358 /29.3.16 | ബിൽ, രസീത് ഹാജരാക്കയിട്ടില്ല. |

| | | | | | |
|---|---|---|---|---|---|
| 22 | 136/3-16 / E4 /9933/14 | സി.എഫ്.എൽ ലൈറ്റ് സ്ഥാപിക്കുന്നതിനും വൈദ്യുതി ലൈൻ സ്ഥാപിക്കുന്നതിനും എഡിസൺ ഇലക്ട്രോണിക്സ് | 969387 | 654354 /28.3.16 | ഫയൽ ക്വട്ടേഷൻ ഹാജരാക്കിയില്ല. |
| ആകെ | | | 51,05,867/- | | |

ഈ തുക (51,05,867/-) ഉത്തരവാദിയായ സെക്രട്ടറിയുടെ ബാദ്ധ്യതയായി കണക്കാക്കി നിരാകരിക്കുന്നു.

## 3-13 ആദായനികുതി സ്രോതസിൽ നിന്ന് ഈടാക്കിയിട്ടില്ല

മുനിസിപ്പാലിറ്റിയിൽ വിവിധ ക്വട്ടേഷനുകൾ പ്രകാരം പ്രിൻറിംഗ് ജോലികൾ ചെയ്ത ഇനത്തിൽ M/s. Raja Press, Poonithura, Kochi എന്ന സ്ഥാപനത്തിന് താഴെ പറയും പ്രകാരം തുകകൾ നൽകിയിട്ടുണ്ട്. 1961 ലെ ആദായനികുതി നിയമം വകുപ്പ് 194 c പ്രകാരം ഒറ്റ ബില്ലിൽ 30,000/- രൂപയിൽ കൂടുതലോ, ഒരു സ്ഥാപനത്തിനു ഒരു സാമ്പത്തികവർഷം വിവിധ ബില്ലുകളിലായി 75,000/- രൂപയിൽ കൂടുതലോ നൽകുന്ന പക്ഷം ആ സ്ഥാപനത്തിൽ നിന്നും 2% ആദായനികുതി ഈടാക്കേണ്ടതാണെന്നു വ്യവസ്ഥ ചെയ്യുന്നു. എന്നാൽ M/s. Raja Press, Poonithura, Kochi സ്ഥാപനത്തിൽ നിന്നും നിയമ പ്രകാരം ഈടാക്കേണ്ടതായ 2% ആദായനികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | വൗച്ചർ നം. | തുക | ചെക്ക് നം./ തിയതി |
|---|---|---|---|
| 1 | 23- 4/15 | 600 | 556476/7.4.15 |
| 2 | 69-4/15 | 2100 | 556511/18.4.15 |
| 3 | 77- 4/15 | 15300 | 556519/22.4.15 |
| 4 | 102-4/15 | 8200 | 556542/28.4.15 |
| 5 | 37- 7/15 | 5850 | 672274/7.7.15 |
| 6 | 40-8/15 | 4650 | 995074/ 10.8.15 |
| 7 | 85-8/15 | 4800 | 995107/21.8.15 |
| 8 | 55-9/15 | 750 | 501066/18.9.15 |
| 9 | 136-10/15 | 16150 | 582533/31.10.15 |
| 10 | 90-11/15 | 5600 | 582577/21.11.15 |
| 11 | 74-12/15 | 600 | 893626/22.12.15 |
| 12 | 27-1/16 | 650 | 108787/4.1.16 |
| 13 | 5-2/16 | 16500 | 893699/1.2.16 |
| 14 | 6-2/16 | 850 | 893699/1.2.16 |
| 15 | 65-2/16 | 26125 | 817722/24.2.16 |
| 16 | 53-3/16 | 5250 | 817758/14.3.16 |
| 17 | 134-3/16 | 15300 | 654352/28.3.16 |
| 18 | 148-3/16 | 3900 | 654361/29.3.16 |
| 19 | 187-3/16 | 1680 | 654378/31.3.16 |

| | | |
|---|---|---|
| ആകെ | 134855 | |

നിയമാനുസൃതമായ ആദായനികുതി ഈടാക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി-15 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഈ ഇനത്തിൽ അടവാക്കേണ്ടതായ 2697/- രൂപ ഈടാക്കി അടവാക്കേണ്ടതാണ്. അല്ലാത്തപക്ഷം ടി തുക ഉത്തരവാദിയായ നഗരസഭാസെക്രട്ടറിയുടെ ബാദ്ധ്യതയായി കണക്കാക്കേണ്ടതാണ്.

## 3-14 പ്രോജക്ട് പ്രകാരമുള്ള മരുന്ന് പി.എച്ച്.സിയിൽ ലഭ്യമാക്കിയിട്ടില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ | 39/2015-16 |
| ചെലവ് തുക | 2,00,000/- രൂ. |
| ബിൽ നമ്പർ | 14/2015-16 , തീയതി : 19.03.16 |
| നിർവ്വഹണം | മെഡിക്കൽ ആഫീസർ , പി.എച്ച്.സി, വളന്തക്കാട് |
| ഡി.ഡി.നം. | 576082/23.03.2016 |

ഈ പദ്ധതിപ്രകാരം പി.എച്ച്.സി ക്ക് മരുന്ന വാങ്ങുന്നതിന് കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി എന്ന പേരിൽ 2,00,000/- രൂപയുടെ ഡി.ഡി നല്കിയിട്ടുണ്ട്. എന്നാൽ നാളിതുവരെ ഈ തുകയ്ക്കുള്ള മരുന്ന് ലഭിച്ചിട്ടില്ല. ഈ മരുന്നുകൾ ലഭിക്കുന്നതിനുള്ള നടപടികൾ മെഡിക്കൽ ഓഫീസർ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. എന്നാൽ ഈ പ്രോജക്ടുകളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക |
|---|---|---|---|
| കേരള സംസ്ഥാന വൈദ്യുത ബോർഡ് | ഇ4-7620/14 പോസ്റ്റ് ഷിഫ്റ്റിംഗ് , ഡിവിഷൻ - 14 | 672241 | 69593 |
| കേരള സംസ്ഥാന | ഇ4-2622/11 വിവിധ വാർഡുകൾ പോസ്റ്റ് ഷിഫ്റ്റിംഗ് | 672314 | 22198 |

| | | | |
|---|---|---|---|
| വൈദ്യുത ബോർഡ് | | | |
| കേരള സംസ്ഥാന വൈദ്യുത ബോർഡ് | ഇ4-2622/11 , പോസ്റ്റ് ഷിഫ്റ്റിംഗ് , ഡിവിഷൻ - 20 | 672314 | 10343 |
| കേരള സംസ്ഥാന വൈദ്യുത ബോർഡ് | ഇ4-2622/11 , പോസ്റ്റ് ഷിഫ്റ്റിംഗ് , ഡിവിഷൻ - 10 & 11 | 672314 | 53592 |
| കേരള സംസ്ഥാന വൈദ്യുത ബോർഡ് | ഇ4-2622/11 , പോസ്റ്റ് ഷിഫ്റ്റിംഗ് , ഡിവിഷൻ 24 | 817755 | 35695 |
| കേരള സംസ്ഥാന വൈദ്യുത ബോർഡ് | ഇ4-2622/11 , പോസ്റ്റ് ഷിഫ്റ്റിംഗ് , ഡിവിഷൻ - 18 | 817752 | 45992 |
| കേരള സംസ്ഥാന വൈദ്യുത ബോർഡ് | ഇ4-2622/11 , പോസ്റ്റ് ഷിഫ്റ്റിംഗ് , ഡിവിഷൻ - 24 | 817701 | 29955 |
| കേരള ജല വിതരണ അതോറിട്ടി | ഇ4-3061/15 ജൂബിലി റോഡ് മുതൽ കടവത്ത് റോഡ് വരെ പൈപ്പ് ലൈൻ | 543035 | 35000 |
| കേരള ജല വിതരണ അതോറിട്ടി | ഇ4-8761/15 , തുരുത്തി ടെമ്പിൾ റോഡ് മുതൽ കീർത്തി ലെയിൻ വരെ പൈപ്പ് ലൈൻ | 501052 | 68000 |
| കേരള ജല വിതരണ അതോറിട്ടി | ഇ4-4174/15 2-ാം ഡിവിഷനിൽ മുട്ടത്ത്പ്പറമ്പിൽ കുടിവെള്ള പൈപ്പ് ലെയിൻ സ്ഥാപിക്കൽ | 995093 | 70,000 |
| കേരള ജല വിതരണ അതോറിട്ടി | ഇ4-3623/5 25-ാം ഡിവിഷനിൽ കുടിവെള്ള പൈപ്പ് ലെയിൻ സ്ഥാപിക്കൽ | 995093 | 28000 |
| കേരള ജല വിതരണ അതോറിട്ടി | ഇ4-3061/15 കോട്ടമന പ്രദേശത്ത് കുടിവെള്ള പൈപ്പ് ലെയിൻ സ്ഥാപിക്കൽ | 501132 | 28000 |
| കേരള ജല വിതരണ അതോറിട്ടി | ഇ4-3061/15 26-ാം ഡിവിഷനിൽ ഇബ്രാഹിം സുലൈമാൻ സേട്ട് റോഡിൽ കുടിവെള്ള കണക്ഷൻ | 501132 | 35000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

2014-15 വർഷം ധനകാര്യ പത്രികയിൽ വായ്പ/വായ്പ തിരിച്ചടവ് എന്നയിനത്തിൽ തുകയൊന്നും കാണിച്ചിരുന്നില്ല. എന്നാൽ മരട് നഗരസഭ ഗ്രാമപഞ്ചായത്ത് ആയിരുന്ന കാലഘട്ടത്തിൽ മരട് സർവ്വീസ് സഹകരണ ബാങ്കിൽ നിന്ന് ഇം.എം.എസ് ഭവന പദ്ധതിക്കായി 95,00,000/- രൂപ വായ്പ എടുത്തിരുന്നു. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കൽ ബാക്കി നിൽക്കുന്നതിന്റെയും വിശദ വിവരം താഴെപ്പറയുന്നു.

| വായ്പയുടെ പേര് / ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവന നിർമ്മാണ വായ്പ | 14/3/13 ലെ എൽ.എസ്.ജി.ഡി വകുപ്പിന്റെ ജി.ഒ(എം.എസ്) 90/13ത.സ്വ.ഭ.വ | 95,00,000 | 40,75,176 | 15,28,310 | - | 25,46,866 |

( 31.03.16 വരെ തിരിച്ചടച്ച തുകയുടെ വിശദാംശങ്ങൾ ഖണ്ഡിക 3-8 ൽ ചേർത്തിട്ടുണ്ട്. )

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 2258357 |
| തൻവർഷം നിക്ഷേപിച്ച തുക | 1668506 |
| പലിശ | 171022 |
| ആകെ | 4097885 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 1858357 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 2239528 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| എസ്.ബി.ടി മരട് | 571022 |
| മരട് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | 1668506 |
| ആകെ | 2239528 |

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

നഗരസഭയുടെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ളസമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെകൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1997-98 | - | 2000-2001 | IV 7(64) | - | ലഭ്യമാക്കിയില്ല |
| 1998-99 | - | 2004-05 | III 7(I) | - | ലഭ്യമാക്കിയില്ല |

# 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 143260902.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 176676794.00 |
| വരവിനങ്ങളിലുള്ള നഷ്ടം | 1,30,000.00 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 66,12,449.00 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 148994.00 |

(ബി) നഗരസഭ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-3 | 1,30,000 | - | ബി അനിൽകുമാർ , സെക്രട്ടറി |
| 3-1 | | 13,84,560 | തീരുമാനമെടുത്ത കൗൺസിൽ അംഗങ്ങൾ(പേര് വിവരങ്ങൾ 4-8 (ഇ) എന്ന ഭാഗത്ത് ചേർത്തിട്ടുണ്ട്) |
| | | 9809 | ബി അനിൽകുമാർ , സെക്രട്ടറി |
| 3-2 | | 76,213 | കെ.എ.നൗഫൽ അലി,മുനിസിപ്പൽഎഞ്ചിനീയർ |
| 3-3 | | 36,000 | എൻ.കെ. കൃഷ്ണകുമാർ സെക്രട്ടറി |
| 3-12 | | 51,05,867 | ബി അനിൽകുമാർ , സെക്രട്ടറി |
| ആകെ | 1,30,000 | 66,12,449 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-5 | 148994 | സെക്രട്ടറി - ബി.അനിൽകുമാർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-4 | 11866/- | സെക്രട്ടറി - ബി.അനിൽകുമാർ |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ – ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| സെക്രട്ടറി - ബി.അനിൽകുമാർ | സെക്രട്ടറി , മരട് നഗരസഭ | സതി മന്ദിരം , നടുവാത്തുച്ചേരി , ചാവറ തെക്ക് പി.ഒ , കൊല്ലം |
| എൻ.കെ. കൃഷ്ണകുമാർ സെക്രട്ടറി | സെക്രട്ടറി , മാവേലിക്കര നഗരസഭ | നമ്പ്യപറമ്പിൽ വീട്, കീഴ്മാട് , എരുമത്തല പി.ഒ , എറണാകുളം പിൻ - 683 112 |
| കെ.എ.നൗഫൽ അലി , മുനിസിപ്പൽ എഞ്ചിനീയർ | മുനിസിപ്പൽ എഞ്ചിനീയർ, മരട് നഗരസഭ | കാനാമ്പുറം വീട് , കുവപ്പടി പി.ഒ, തോടപ്പള്ളി ,എറണാകുളം - 683544 |

ഖണ്ഡിക 3-1 ലെ നഷ്ടത്തിന് ഉത്തരവാദികളായ നഗരസഭ കൗൺസിലർമാരുടെ വിവരങ്ങൾ

| ഡിവിഷൻ നം / പേര് | കൗൺസിലറുടെ പേര് | സ്ഥിരമേൽവിലാസം |
|---|---|---|
| 1 / നെട്ടൂർ നോർത്ത് | സന്തോഷ് ഇ.ആർ | വടക്കുംതറ , നെട്ടൂർ പി.ഒ |
| 2 / കുണ്ടന്നൂർ നോർത്ത് | ദേവരാജൻ ടി. | തുണ്ടിയിൽ , മരട് പി.ഒ |
| 3 / കണ്ണാടിക്കാട് ഈസ്റ്റ് | ആന്റണി | ആശാമ്പറമ്പിൽ ,മരട് പി.ഒ |
| 4 / കുന്തലക്കാട് | സുരേഷ്ബാബു.ആർ.കെ. | കണ്ണാളത്ത് വീട്,മരട് പി.ഒ |
| 5 / തുരുത്തി | ദേവസ്സി കെ.എ | ഏലിക്കുട്ടി നിവാസ് ,മരട് പി.ഒ |
| 6 / മരട് നോർത്ത് | ബിന്ദു പ്രശാന്ത് | തച്ചിലപ്പള്ളി ,മരട് പി.ഒ |
| 7 / കാട്ടിത്തറ | മോളി ജെയിംസ് | പനിലം , മരട് പി.ഒ |
| 8 / ശങ്കർ നഗർ | ഷീല സദാശിവൻ | ചെല്ലിപ്പാടം ,മരട് പി.ഒ |
| 9 / മാർട്ടിൻ പുരം | വത്സ ജോൺ | സുന്ദരം തറ, മരട് പി.ഒ |
| 10 / ശാസ്ത്രി നഗർ | ബാലകൃഷ്ണൻ എൻ.വി | നെല്ലിക്കപറമ്പ് ,മരട് പി.ഒ |
| 11 / കൈരളി | കൃഷ്ണകുമാർ ടി.ആർ | തറയിൽ വീട്, മരട് പി.ഒ |
| 12 / സൊസൈറ്റി | മിനി ഉദയൻ | കോട്ടപ്പുറത്ത് ,മരട് പി.ഒ |
| 13 / പണ്ടാവത്ത് | അജിത നന്ദകുമാർ | നന്ദനം , മരട് പി.ഒ |
| 14 / നേരാവത്ത് | സുജാത ശിശുപാലൻ | നേരോത്ത് വീട് ,മരട് പി.ഒ |
| 15 / ജെ.ബി സ്കൂൾ | രാജി തമ്പി | കരുവേലി വീട് , മരട് പി.ഒ |
| 16 / കുണ്ടന്നൂർ ജംഗ്ഷൻ | സുനില സിബി | ഇലഞ്ഞിമറ്റം ,മരട് പി.ഒ |
| 17 / സബ്ബ് രജിസ്ട്രാർ ഓഫീസ് | ബേബി പോൾ | കളപ്പുരക്കൽ ,മരട് പി.ഒ |
| 18 / മാങ്കായിൽ | സുനിൽ കുമാർ എം.പി | മഞ്ഞിലക്കാട്ട്, മരട് പി.ഒ |
| 19 / മാന്നാപ്പറമ്പ് | ഉല്ലാസ് എം.വി | മേത്തശ്ശേരി,മരട് പി.ഒ |
| 20 / അംബേദ്കർ നഗർ | സ്വാമിന സുജിത്ത് | വലിയപറമ്പിൽ ,മരട് പി.ഒ |
| 22 / വളന്തക്കാട് | രതി ദിവാകരൻ | ചെറികുറ്റിക്കൽ, മരട് പി.ഒ |
| 23 / ശാന്തിവനം | അജിതകുമാരി | കനവത്ത് പറമ്പ് , നെട്ടൂർ പി.ഒ |
| 25 / തണ്ടാശ്ശേരി | ബിന്ദ ജോസഫ് | പഴമടത്തിൽ , നെട്ടൂർ പി.ഒ |
| 26 / പെരിങ്ങാട്ട് പറമ്പ് | ജമീല മുഹമ്മദ് | വടക്കേ മുളക്കര, നെട്ടൂർ പി.ഒ |
| 28 / എസ്.വി യു.പി സ്കൂൾ | ടി.എച്ച്.നദീറ | കണ്ണോത്ത് പറമ്പ് ,നെട്ടൂർ പി.ഒ |
| 29 /തെക്കേ പാട്ടുപുരക്കൽ | ബോബൻ | നെടുംപറമ്പിൽ ,നെട്ടൂർ പി.ഒ |
| 31 / നോർത്ത് കോളനി | ജോൺസൺ പി.ജെ | പടന്നാക്കൽ , നെട്ടൂർ പി.ഒ |
| 32 / വടക്കേപാട്ടുപുരക്കൽ | ദേവൂസ് | ചെറുകാട്ടിൽ , നെട്ടൂർ പി.ഒ |
| 33 / തട്ടേക്കാട് | ദിഷ പ്രതാപൻ | നെല്ലിക്കുന്നത്ത് , നെട്ടൂർ പി.ഒ |

# 4-9 തീർപ്പാക്കുവാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1980-81 | എൽ.എഫ്.ഇ.(പി.4)1468/26.10.1995 |
| 1982-83 | |
| 1983-84 | |
| 1984-85 | |
| 1986-87 | |
| 1987-88 | |
| 1988-89 | |
| 1990-91 | |
| 1991-92 & 1992-93 | എൽ.എഫ്.ഇ.(പി.4)1025/94/9.2.1996 |
| 1993-94 | എൽ.എഫ്.ഇ.(പി.3)556/96/ 17.5.1998/7.1.99 |
| 1996-97 | എൽ.എഫ്.ഇ.(പി.3)160/96 /17.5.98/7.1.99 |
| 1997-98 | എൽ.എഫ്.ഇ.(പി.4)691/2000/ 18.10.2000 |
| 1998-99 | എൽ.എഫ്.ഇ.(പി.6)1010/05/21.7.06 /7.10.06 |
| 1999-2000 | എൽ.എഫ്.ഇ.(പി.6)1011/05/21.7.06/ 7.10.06 |
| 2000-01 | എൽ.എഫ്.ഇ.(പി.6)1005/05/22.7.2006 |
| 2001-02 | എൽ.എഫ്.ഇ.(പി.7)1818/06/ 3.11.07/15.1.08 |
| 2002-03 | എൽ.എഫ്.ഇ.(പി.7)1819/06/ 3.11.07/31.1.08 |
| 2003-04 | എൽ.എഫ്.ഇ.(പി.7)1820/06/ 3.11.07/15.1.08 |
| 2004-05 | എൽ.എഫ്.ഇ.(പി.8)785/09/ 9.3.10/11.6.10 |
| 2005-06 | എൽ.എഫ്.ഇ.(പി.8)786/09 /9.3.10/11.6.10 |
| 2006-07 | എൽ.എഫ്.ഇ.(പി.8)1342/09/ 9.3.10/11.06.10 |
| 2007-08 | എൽ.എഫ്.ഇ.(പി.8)140/10/ 6.11.10/4.1.11 |
| 2008-09 | എൽ.എഫ്.ഇ.(പി.8)141/10/6.11.10/7.3.11 |
| 2009-10 | എൽ.എഫ്.ഇ.(പി.8)1860/10/ 2.5.11/4.8.11 |
| 2010-11 | എൽ.എഫ്.ഇ.(എം.1)1863/12/ 20.6.12/11.7.12 |
| 2011-12 | എൽ.എഫ്.ഇ.(എം.1)1100/14/ 13.1.15/17.1.15 |
| 2012-13 | എൽ.എഫ്.ഇ.(എം.1)883/15 / 14.07.2015 |
| 2013-14 & 2014-15 | കെ.എസ്.എ.-ഇ.കെ.എം.(എം.1)1012/2016 / 20.07.2016 |

ജോയിന്റ് ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം

# അനുബന്ധം 1

## ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ.ഇ.കെ.എം(എം.1)164/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,
എറണാകുളം, സിവിൽ സ്റ്റേഷൻ,
കാക്കനാട് – 682030
ഫോൺ : 0484 – 2422271
e-mail:doekm.ksad@kerala.gov.in

തീയതി : 08.02.2017

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് 4, കേരള മുനിസിപ്പാലിറ്റി നിയമത്തിലെ വകുപ്പ് 215 എന്നിവ അനുസരിച്ചും നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിങ്ങ് സ്റ്റാന്റേർഡുകൾ അവലംബിച്ചും എറണാകുളം ജില്ലയിലെ മരട് നഗരസഭയുടെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ മരട് നഗരസഭയുടെ 2015-16 ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ

# APPENDIX – I

## AUDIT CERTIFICATE – 2015-16

No.KSAEKM(M1.164/2017)

Kerala State Audit Department
District Audit Office, Ernakulam
Civil Station, Kakkanad – 682030
Phone : 0484 - 2422271
e-mail :doekm.ksad@kerala.gov.in

Date : 08.02.2017

Certified that I have audited the Annual Financial Statement of Maradu Muncipality in Ernakulam district for the year ended on 31.3.2016 in accordance with Section 4 of Kerala Local Fund Audit Act 1994, Section 215 of Kerala Muncipalities Act 1994, the rules made there under and the guidelines issued by Comptroller and Auditor General of India for the purpose of audit of accounts of Municipal Institutions.

In my opinion, the Annual Financial Statements of Maradu Muncipality for the year 2015-16 except the observations in my audit report properly presents the picture of income and expenditure.

JOINT DIRECTOR